# The Prabuddha Keralam

# പ്രബുദ്ധകേരളം.

വിവേകനിർമ്മലാനന്ദജ്ഞാനവൈരാഗ്യസിദ്ധിദം
"പ്രബുദ്ധകേരളം" രാമകൃഷ്ണോരക്ഷതുസർവ്വദാ.

വാല്യം ൧൭ } ൧൧൦൭ മീനം { ലക്കം ൩


ശ്രീ

## ശ്രീരാമകൃഷ്ണോപദേശം.

ശ്രീരാമചന്ദ്രൻ വനങ്ങളിൽ സഞ്ചരിക്കുന്ന കാലത്തു് തന്റെ വില്ലും അമ്പും ഭൂമിയിൽ കുത്തി വെച്ചും വച്ചു് വെള്ളം കുടിക്കാനായി ഒരിക്കൽ പമ്പാസരസ്സിൽ ഇറങ്ങി. കയറി വന്നപ്പോൾ തന്റെ വില്ലു കേറി മുറിഞ്ഞു രക്താഭിഷിക്തനായ ഒരു തവളയെ കണ്ടു. അദ്ദേഹം വളരെ ദുഃഖിച്ചു തവളയോടു് ഇപ്രകാരം ചോദിച്ചു, "നീ വല്ല ശബ്ദവും ഉണ്ടാക്കാതെ ഇരുന്നതു് എന്തുകൊണ്ടു്? എന്നാൽ നീ ഇവിടെ ഉണ്ടായിരുന്നുവെന്നു ഞാനറിയുമായിരുന്നു. നിനക്കു ഈ കഷ്ടസ്ഥിതി വരികയുമില്ലായിരുന്നു." തവള മറുപടി പറഞ്ഞു, "ഹേ രാമ, വല്ല അപായത്തിൽ പെടുമ്പോൾ, "രാമ എന്നെ രക്ഷിക്കണെ എന്നു ഞാൻ അവിടുത്തെത്തന്നെ വിളിച്ചു പ്രാർത്ഥിക്കുന്നു. ഇപ്പോൾ അവിടുന്നു തന്നെ എന്നെ കൊല്ലുന്ന സ്ഥിതിക്കു് ആരോടാണു് ഞാൻ വിളിച്ചു പ്രാർത്ഥിക്കേണ്ടതു്."

# ശ്രീരാമകൃഷ്ണദേവൻെറ തിരുവായ്മൊഴി

രണ്ടാംഭാഗം—ഇരുപത്തിനാലാംഖണ്ഡം.

## അദ്ധ്യായം ൧

(ഭഗവാൻ ബലരാമഭവനത്തിൽ)

മേടമാസത്തിലെ ശുക്ലസപ്തമീദിനം. ൧൮൮൩ ഏപ്രിൽ ൨൭-ാം തീയതി വെള്ളിയാഴ്ച. ഭഗവാൻശ്രീരാമകൃഷ്ണദേവൻ ഇന്നു കൽക്കത്തയിൽ വന്നിരിക്കുന്നു. മാസ്റ്റർ ഉദ്ദേശം ഒരു മണിയോടു കൂടി ബാലരാമബാബുവിൻെറ ഗൃഹത്തിലേക്കു വന്നപ്പോൾ ഭഗവാൻ അവിടെ ഉറങ്ങുന്നു. ഒന്നുരണ്ടു ഭക്തന്മാർ അടുത്തിരുന്നു വിശ്രമിക്കുന്നുമുണ്ട്. മാസ്ററർ ഒരുഭാഗത്തിരുന്ന് ആ ഉറങ്ങുന്ന ബാലകതുല്യമൂർത്തിയെ നോക്കിക്കൊണ്ടിരിക്കുന്നു. "എന്തൊരത്ഭുതമാണിത്? ഇവിടുന്നു മഹാപുരുഷൻ! ഇദ്ദേഹവും കേവലം ഒരു പ്രാകൃതജനമെന്നപോലെ നിദ്രക്കു വശംവദനായി ശയനം കൊള്ളുന്നു! ഇവിടുന്നും ജീവകോടിയുടെ ധർമ്മം സ്വീകരിച്ചിരിക്കുന്നു!" എന്നിങ്ങനെ മാസ്ററർ ഭാവനം ചെയ്യുന്നു.

മാസ്ററർ ഇടയ്ക്കിടെ ഒരു വിശറിയെടുത്തു വീശുന്നുമുണ്ട്. അല്പനേരം കഴിഞ്ഞ ശേഷം ഭഗവാൻ ശ്രീരാമകൃഷ്ണദേവൻെറ ഉറക്കം മാറി. ഭഗവാൻ അർദ്ധനഗ്നനിലയിൽ എണീററിരുന്നു. മാസ്ററർ തറയിൽ വീണ് ഭഗവാനെ സാഷ്ടാംഗം നമസ്കരിച്ച് ചരണധൂളി ഗ്രഹിച്ചു.

ശ്രീരാമകൃഷ്ണദേവൻ:—(സസ്നേഹം) സുഖം തന്നെയാണല്ലോ? ആക്കറിയാം. എനിക്കു തൊണ്ടയിൽ വ്രണം വന്നിരിക്കുന്നു. ഇന്നലെ വെളുപ്പാൻ കാലത്തു വലിയ വേദനയായിരുന്നു. എങ്ങനെയാണു ഭേദമാകുക! ആട്ടെ. നിൻെറ ഭാര്യയ്ക്കെങ്ങനെയിരിക്കുന്നു? അന്നൊരിക്കൽ കണ്ടല്ലോ, ശുഷ്കിച്ചു കിടന്നതു്. കുറെ ദേഹം തണുക്കത്തക്കവണ്ണം വല്ല ആഹാരവും കഴിപ്പിക്കണം.

മാസ്ററർ:—ഉവ്വ്, കരിക്കും മററും.

ശ്രീരാമകൃഷ്ണദേവൻ:—അതെ. കൽക്കണ്ടസർവത്തു നല്ലതാണ്.

മാസ്ററർ:—ഞാൻ കഴിഞ്ഞ ഞായറാഴ്ച വീട്ടിൽ പോയിരുന്നു.

ശ്രീരാമകൃഷ്ണദേവൻ:—കൊള്ളാം. നന്നായി. വീട്ടിൽ വിട്ടിരിക്കുന്നതു നിനക്കു സൌകര്യമാണ്. അച്ഛനും അമ്മയും ഒക്കെയുള്ളതുകൊണ്ടു നിനക്കു വീട്ടുകാര്യത്തിൽ അധികം ക്ലേശിക്കേണ്ടി വരികയില്ല.

ഇത്രയും പറയുന്നതിനിടയ്ക്കു ഭഗവാനു തൊണ്ട വരണ്ടുതുടങ്ങി.

അപ്പോൾ ഒരു ബാലകനെപ്പോലെ ഭഗവാൻ ചോദ്യം ചെയ്യുന്നു— "എന്റെ തൊണ്ട വരളുന്നു. എല്ലാവക്കും വരളുന്നുണ്ടോ?"

മാസ്റ്റർ:—*യോഗിൻ! നിങ്ങൾക്കു നാക്കു് വരളുന്നോ?

യോഗീന്ദ്രൻ:—ഇല്ല. അദ്ദേഹത്തിനു ചൂടുണ്ടെന്നു തോന്നുന്നു.

ഭഗവാൻ മുണ്ടു മുറുക്കിയുടുക്കാതെയും മററും അനാസ്ഥയോടിരിക്കുന്നു. ഭക്തന്മാരിൽ ചിലർ ചിരിക്കുന്നു.

ശ്രീരാമകൃഷ്ണദേവൻ:—കുഞ്ഞിനു മുല കൊടുക്കാൻ അമ്മയിരിക്കാറില്ലേ? അതുപോലെ! (എല്ലാവരും ചിരിക്കുന്നു) ഓ! തൊണ്ടയുണങ്ങുന്നു വല്ല പഴവും ഉണ്ടോ?

ബാബുരാമൻ:—ഞാൻ പഴം കൊണ്ടുവരാം.

ശ്രീരാമകൃഷ്ണദേവൻ:—വേണ്ട ഈ വെയിലത്തു നടക്കേണ്ട.

മാസ്റ്റർ വീശിക്കൊണ്ടിരിക്കുന്നു.

ശ്രീരാമകൃഷ്ണദേവൻ:—മതി. എത്രനേരമായി!

മാസ്റ്റർ:—ഇല്ല. ബുദ്ധിമുട്ടില്ല.

ശ്രീരാമകൃഷ്ണദേവൻ:—(സസ്നേഹം) ഇല്ലയോ? ശരി!

മാസ്റ്റർ അടുത്തുള്ള ഒരു സ്ക്കൂളിൽ അദ്ധ്യാപകനാണ്. അദ്ദേഹം ഒരു മണിക്കു വിശ്രമം കട്ടുകയാൽ വന്നിരിക്കുന്നു. സ്ക്കൂളിലേക്കു പോകാറായതുകൊണ്ടു് എണീററു. ഭഗവാന്റെ പാദവന്ദനം ചെയ്തു.

ശ്രീരാമകൃഷ്ണദേവൻ:—ഇപ്പോൾതന്നെ പോകണോ?

ഒരു ഭക്തൻ:—സ്ക്കൂൾ വിട്ടിട്ടില്ല ഇടക്കു "ലെഷർ" കിട്ടിയതുകൊണ്ടു് ഇവിടെ വന്നുവെന്നുമാത്രം.

* ഏണഡേരിലെ യോഗീന്ദ്രനാഥചൗധരി, ഭഗവാന്റെ സന്ന്യാസിശിഷ്യന്മാരിലൊരാളായ ശ്രീയോഗാനന്ദസ്വാമികൾ.

ശ്രീരാമകൃഷ്ണദേവൻ:—(ചിരിച്ചുംകൊണ്ടു്) ഏഴെട്ടുപെററ ഒരു ഗൃഹണി, രാപ്പകൽ നൂറുകൂട്ടം ജോലികളും ചെയ്തുകൊണ്ടു്, ഇടക്കിടെ വല്ലപ്പൊഴും വന്നു് ഭർത്താവിനെ ശുശ്രൂഷ ചെയ്യുയില്ലേ? അതു മാതിരി! (എല്ലാവരും ചിരിക്കുന്നു)

## അദ്ധ്യായം ൮.

നാലുമണിക്കു സ്ക്കൂൾ വിട്ടു. മാസ്ററർ. ബലരാമബാബുവിൻെറ വെളിയിലെ മുറിയിൽ ഭഗവാൻ സ്മേരവദനനായിരിക്കുന്നതു കണ്ടു. ഭഗവാൻെറ വരവുകേട്ടു് ഓരോ ഭക്തന്മാരായി വന്നുകൂടുന്നു. കൊച്ചുനരനും രാമചന്ദ്രദത്തനും വന്നിരിക്കുന്നു. നരേന്ദ്രനും വന്നിട്ടുണ്ടു്. മാസ്ററർ നമസ്കരിച്ചു ഇരുന്നു. ഗൃഹത്തിനകത്തുനിന്നും ബലരാമൻ ഒരു തട്ടത്തിൽ ഭഗവാനുവേണ്ടി ഒരു തരം പത്ഥ്യപലഹാരം കൊടുത്തയച്ചിരിക്കുന്നു.

എന്തെന്നാൽ ഭഗവാനു ഗളവ്രണമാണല്ലോ.

ശ്രീരാമകൃഷ്ണദേവൻ:—(പലഹാരം കണ്ടു്, നരേന്ദ്രനോടു്) എടോ! വന്നിരിക്കുന്നു; സാമാനം. വരൂ. വരൂ. (എല്ലാവരും ചിരിക്കുന്നു)

നേരം വൈകി. ഭഗവാൻ ഗിരിശൻെറ ഗൃഹത്തിലേക്കു പോകുന്നുണ്ടു്. അവിടെ ഇന്നു പൂജയും ആഘോഷവും ഉണ്ടു്; ഭഗവാനേക്കൂടി കൊണ്ടുചെന്നു പൂജ നടത്തണം. ഭഗവാൻ ബലരാമൻെറ മാളികയിൽനിന്നും താഴെഇറങ്ങുന്നു. കൂടെ മാസ്റററും പുറകെ ചില ഭക്തന്മാരുമുണ്ടു്. ഗേററിനടുത്തുവന്നപ്പോൾ ഒരു ഹിന്ദുസ്ഥാനീ ഭിക്ഷുകൻ പാടിക്കൊണ്ടിരിക്കുന്നു. രാമഗാനമാണു്. ശ്രീരാമഗാനം കേട്ടു് ഭഗവാൻ നിന്നു. തെക്കോട്ടു നോക്കിയാണു്. നോക്കിനിന്നുംകൊണ്ടു ഭഗവാൻ അന്തർമ്മുഖനായി. ഈ വിധം ഭാവാവസ്ഥയിൽ കുറെ ഇരുന്നു. മാസ്ററരോടു, മനോഹരമായ ശാരീരമെന്നു പ്രശംസിച്ചു. ഒരു ഭക്തൻ ഭിക്ഷുകനു അരയണ കൊടുത്തു.

ഭഗവാൻ "ബോഷ്പാഡാലെയി''നിൽ പ്രവേശിച്ചു. ചിരിച്ചുകൊണ്ടു മാസ്ററരോടു പറയുന്നു—"ഇവരെന്തുപറയുന്നു? പരമഹംസൻെറ പട്ടാളം വരുന്നുവെന്നോ? മണ്ടന്മാർ!" (എല്ലാവരും ചിരിക്കുന്നു)

## അദ്ധ്യായം ൯.

ഭക്തന്മാരൊന്നിച്ചു് ഭഗവാൻ ഗിരിശൻെറ ഭവനത്തിൽ പ്രവേശിച്ചു. ഗിരിശൻ അനേകം ഭക്തന്മാരെ ക്ഷണിച്ചിരുന്നു. അവ

രിൽ മിക്കവരും വന്നിരിക്കുന്നു. ഭഗവാൻ വന്നുകഴിഞ്ഞെന്നു കേട്ട എല്ലാവരും എണീററു നിൽക്കുന്നു. ഭഗവാൻ ചിരിച്ചുംകൊണ്ടു് ഇരിപ്പു സ്വീകരിച്ചു. ഭക്തന്മാരെല്ലാവരും ഇരുന്നു. ഗിരിശൻ. മഹിമാചരണൻ, രാമചന്ദ്രദത്തൻ, ഭവനാഥൻ തുടങ്ങി അനേകം ഭക്തന്മാർ വന്നിട്ടുണ്ടു്. ഇതിനു പുറമെ ഭഗവാനോടുകൂടി ബ്ബാബുരാമൻ, യോഗിൻ, രണ്ടു നരേന്ദ്രന്മാർ, ചൂനിലാലൻ, ബലരാമൻ ആദിയായവരും ഉണ്ടു്.

ശ്രീരാമകൃഷ്ണദേവൻ.— (മഹിമാചരണനോടു്) ഗിരീശചന്ദ്രഘോഷനോടു ഞാൻ നിന്നെപ്പററി പറഞ്ഞു—"ഒരാളുണ്ടു്. ആൾ ഗംഭീരനാണു്. നിൻെറ ആഴം മുട്ടിനൊപ്പമേയുള്ളു. അയാൾ അസാമാന്യനാണു്" എന്നു്. ഇതാ ഇപ്പോൾ ഞാൻ രണ്ടു പേരേയും കൂട്ടിവിടാം. നിങ്ങൾ രണ്ടു പേരും തർക്കിക്കണം. വിട്ടുകൊടുത്തേക്കരുതു് (എല്ലാവരും ചിരിക്കുന്നു)

മഹിമാചരണനും ഗിരിശനുമായി തർക്കം ആരംഭിച്ചു. വാദം തുടങ്ങി കുറെയായപ്പോൾ രാമചന്ദ്രദത്തൻ; "അതൊക്കെ ഇരിക്കട്ടെ കീർത്തനം തുടങ്ങാം" എന്നു പറഞ്ഞു

ശ്രീരാമകൃഷ്ണദേവൻ:—(രാമചന്ദ്രനോടു്) പാടില്ല. ഇതിൽ കാര്യമുണ്ടു്. ഇവർ രണ്ടുപേരും ഇംഗ്ലീഷുകാരാണു്. ഇവരെന്തു പറയുന്നെന്നറിയാമല്ലോ.

മഹിമാചരണൻെറ അഭിപ്രായം—സകലർക്കും ശ്രീകൃഷ്ണനാകാൻ കഴിയുമെന്നും, അതിനു സാധനചെയ്താൽ മതിയെന്നുമാണു്. ഗിരിശൻെറ അഭിപ്രായം, ശ്രീകൃഷ്ണൻ അവതാരമാണെന്നും, മനുഷ്യനു എത്രയെല്ലാം സാധനചെയ്താലും അവതാരത്തെപ്പോലെ ആയിത്തീരാൻ കഴികയില്ലെന്നും ആകുന്നു.

മഹിമാചരണൻ:—എന്തുകൊണ്ടെന്നു മനസ്സിലായോ? വിലവൃക്ഷം മാവായിത്തീരാം. യോഗസിദ്ധികൊണ്ടു് വിലവൃക്ഷം ആമ്രവൃക്ഷമായിത്തീരുന്നതിനുള്ള പ്രതിബന്ധത്തെ മാററണമെന്നുമാത്രം. മാററാം.

ഗിരിശൻ:—അങ്ങെന്തു പറഞ്ഞാലും ശരി. യോഗമോ യോഗപ്രക്രിയയോ ഏതായാലും കൊള്ളാം. ശ്രീകൃഷ്ണനെ ശ്രീകൃഷ്ണനാക്ക്. എന്നാൽ ഏതു ഭാവന ചെയ്താലും, അതായതു രാധാഭാവമോ മറേറാ ഉള്ളിലിരിക്കുന്നുവെങ്കിൽ അയാൾ അതുതന്നെ, അതായതു അയാൾ സ്വയം രാധതന്നെ. ശ്രീകൃഷ്ണൻെറ സമസ്തഭാവങ്ങളും ഒരുവൻെറ ഉള്ളിൽകണ്ടാൽ അയാൾ ആയാളല്ല, സാക്ഷാൽ ശ്രീകൃഷ്ണൻതന്നെയെന്നു മനസ്സിലാക്കണം.

മഹിമാചരണനു് തക്കതെ അധികം കൊണ്ടുചെല്ലാൻ സാധിച്ചില്ല. ഒടുക്കം ഒരു പ്രകാരത്തിൽ ഗിരിശൻെറ പക്ഷത്തോട്ടു ചാഞ്ഞു.

മഹിമാചരണൻ:—(ഗിരിശനോട്) ഉവ്വ്! രണ്ടും ശരിതന്നെ. ജ്ഞാനമാൎഗ്ഗം, അതും അദ്ദേഹത്തിൻെറ ഇഷ്ടം; പ്രേമഭക്തി, അതും അദ്ദേഹത്തിൻെറ ഇഷ്ടം. ഇവിടുന്ന (പരമഹംസദേവൻ) പറയാറുള്ളതുപോലെ ഭിന്നമാൎഗ്ഗത്തിൽകൂടി എത്തുന്നതു ഒരെടത്തേക്കുതന്നെ.

ശ്രീരാമകൃഷ്ണദേവൻ:—(മഹിമനോട് ഏകാന്തത്തിൽ) എന്താ! ഞാൻ പറഞ്ഞതു്?

മഹിമാ:—ഉവ്വ്. രണ്ടും ശരിയാണ്.

ശ്രീരാമകൃഷ്ണദേവൻ:—അയാൾക്കു എത്രമാത്രം വിശ്വാസമുണ്ടെന്നു കണ്ടില്ലേ? വെള്ളം കുടിക്കാൻകൂടി മറന്നുപോയി. നിങ്ങൾ അഭിപ്രായം സമ്മതിച്ചില്ലെങ്കിൽ വേട്ടപ്പട്ടി കടിച്ചു കീറംപോലെ ഛിന്നഭിന്നമായിക്കണ്ടിക്കുമായിരുന്നു. വളരെ നന്നായി, രണ്ടുപേരും തമ്മിൽ പരിചയപ്പെട്ടു; എനിക്കും പലകൂട്ടവും അറിയാറായി.

---

# കൎമ്മം.

(ശ്രീ ഗിരിശചന്ദ്രഘോഷ്)

(തുടച്ച്)

എന്നാൽ എന്തു ചെയ്യണം? സന്ന്യാസിആയാലോ? ഈ വൈരാഗ്യവും അവിദ്യാസംഭൂതമാകുന്നു. മായാവിനിയായ രാക്ഷസി സുന്ദരിയുടെ വേഷംകെട്ടി ഇരിക്കുക മാത്രമാണ്. ഇത് ഭോഗേച്ഛയുള്ള സന്ന്യാസമാണ്. കാഷായവസ്ത്രം, ജട, അഥവാ മുണ്ഡനം ഇവയൊന്നും സന്ന്യാസത്തിൻെറ യഥാൎത്ഥ ലക്ഷണങ്ങളല്ല. വാസനയുടെ താഡനമനുഭവിച്ചു് വാസനാദമനത്തിനായി ശ്രമിക്കുന്നവനത്രേ ക്രമേണ സന്ന്യാസത്തിനു് അധികാരി. അല്ലെങ്കിൽ കാഷായവസ്ത്രധാരണം വ്യഥാതന്നെ. ഒരു തിയററിലേക്കുള്ളാൾ പറഞ്ഞു "കുറെ ദിവസംകൂടി നോക്കാം, പ്രൊപ്രൈററർ എന്നെ മാനേജരാക്കിയാൽ നന്നു്. അല്ലെങ്കിൽ ഞാൻ പ

രമഹംസന്റെ സംഘത്തിൽ ചേരും". വാസനാബദ്ധനായ കാഷായധാരിയും അപ്രകാരം തന്നെ. ചിത്തം കാമിനീകാഞ്ചനങ്ങളിൽ യഥാപൂർവ്വം ആബദ്ധമായിരിക്കുന്നു. അഭിമാനം ശതഗുണം വർദ്ധിച്ചുമിരിക്കുന്നു. ശ്രീരാമകൃഷ്ണദേവൻ പറയുന്നു, "ഗൃഹസ്ഥാശ്രമിയുടെ അഭിമാനം കച്ചുകന്ദത്തിന്റെ മൂടുപോലെ ആകുന്നു. വേഗം പറിച്ചുകളയാം. എന്നാൽ സന്ന്യാസാഭിമാനം അശ്വത്ഥമൂലം പോലെയാകുന്നു. ഒരു വിധത്തിലും പറിച്ചു കളവാൻ സാദ്ധ്യമല്ല." എന്നാൽ എന്തു ചെയ്യണം? ഗൃഹസ്ഥനായാലും സന്ന്യാസിയായാലും അവരുടെ ഉപദേശം ധ്രുവനക്ഷത്രം പോലെ വഴികാട്ടും. അവർ പറയുന്നു, ജീവന്മുക്തരായ മഹാപുരുഷന്മാരുടെ ഉപദേശം സ്വീകരിക്കുക! ഗൃഹസ്ഥാശ്രമി ചെയ്യുന്നതെല്ലാം ചെയ്തുകൊള്ളുക. ഭാര്യാപുത്രാദികളെ ഇപ്പോഴത്തേപ്പോലെ സേവിക്കുക! എന്നാൽ എപ്പോഴും നിങ്ങൾ ഈശ്വരദാസനാണെന്നു് മനസ്സുകൊണ്ടു് ചിന്തിയ്ക്കണം. പരഗൃഹത്തിൽ താമസിക്കുന്ന വേലക്കാരി പരന്മാരുടെ സന്താനങ്ങളെ ലാളിക്കയും പാലിക്കയും ചെയ്യുന്നതുപോലെ നിങ്ങളും ചെയ്യുന്നതായി വിചാരിക്കുക! നിങ്ങളുടെ ഗൃഹം ഇവിടെ അല്ല, ഇവരാരും നിങ്ങളുടെ അല്ല എന്നു് ഹൃദയത്തിൽ ദൃഢപ്പെടുത്താൻ ശ്രമിക്കുക! ഈ ശ്രമത്താൽ നിരന്തരം ഈശ്വരചിന്ത ഇരിക്കും. വിവേകവുമുദിക്കും. ഇതൊന്നും നിങ്ങളുടെ അല്ല. അന്യന്റെ പുത്രനും നിങ്ങളുടെ പുത്രനും തമ്മിൽ യാതൊരു വ്യത്യാസവുമില്ല എന്നെല്ലാം വിവേകം നിങ്ങളെ പ്രത്യക്ഷമായി കാണിച്ചുതരും. യാതൊരു വിഷയമോഹം നിങ്ങളെ ബന്ധിച്ചിരുന്നു, പങ്കത്തിൽ നിന്നു് പത്മംപോലെ, വിഷയമോഹത്താൽ കലുഷിതമായ നിങ്ങളുടെ ഹൃദയത്തിൽ പ്രേമകലികവികസിക്കും. നിങ്ങളുടെ മമത ഒരിടത്തും സീമാബദ്ധമായിരിക്കുകയില്ല. നിങ്ങളുടെ ദയ വിശ്വവ്യാപിയാകും. തന്മൂലം നിങ്ങൾ ശത്രുമിത്രഭേദം വിസ്മരിക്കും. തുലോം എളിയ ജീവിയും നിങ്ങളുടെ ദയയ്ക്കു് അവകാശിയാകും. ശോകമോഹരഹിതനായിട്ടു് ഇച്ഛാമയനായ പ്രഭുവിന്റെ ഇച്ഛയിൽ നിങ്ങളുടെ ഇച്ഛ ലയിക്കും. അപ്പോൾ നിങ്ങൾ സത്വഗുണത്തിനു് അധികാരിയാകും. ഗുണപ്രഭാവത്താൽ ഗുണഗരിമ നീങ്ങും. അദ്ദേഹത്തിന്റെ ജോലി അദ്ദേഹം ചെയ്യുന്നു. അതിനു് നിങ്ങളുടെ ആവശ്യമില്ല. നിങ്ങളില്ലെങ്കിലും ആ പ്രവൃത്തികളെല്ലാം അതുപോലെതന്നെ നടക്കും. ഞാൻ ഇതു ചെയ്യണം എന്ന സങ്കല്പംപോലും അപ്പോൾ ഉദിക്കയില്ല. നിങ്ങൾ ചെയ്തതാണെന്നു ഇതുവരെ വിചാരിച്ചിരുന്നതു് അദ്ദേഹം ചെയ്തതാണെന്നു് അപ്പോൾ നിങ്ങൾ അറിയും. ഞാനെന്നും എന്റെ എന്നുമുള്ള അഹങ്കാരം നിശ്ശേഷം നശിക്കും. ഈ ജീവന്മുക്താവസ്ഥയിൽ അവിച്ഛിന്നഭാവത്തിൽ

ഈശ്വരനെ ഹൃദയത്തിൽ ധരിക്കുവാൻ സാധിക്കും. മൃത്യുഞ്ജയാവസ്ഥയിൽ ജീവിതമരണങ്ങൾ സമങ്ങളാണ്. വീണ്ടും മനസ്സിൽ ദുസ്തർക്കമുണ്ടാകാം. അപ്പോൾ ഗൃഹസ്ഥാശ്രമംതന്നെ നല്ലതു്. കാഷായ ധാരിയും തരുതല വാസിയുമായ ഈ സന്യാസി വഞ്ചകൻതന്നെ. എന്നാൽ വിവേകം നമ്മേ മനസ്സിലാക്കിതരുന്നു—അങ്ങനെ അല്ല. അദ്ദേഹം കാഷായം ധരിച്ചിരിക്കുന്നതിനു ഹേതുവെന്തെന്നാൽ തന്റെ ചിത്തദൌർബ്ബല്യം അദ്ദേഹം ധരിച്ചിരിക്കുന്നു. എന്റെ പുത്രൻ എന്റെ പുത്രനല്ല ഈശ്വരന്റേതു് എന്ന ധാരണ എല്ലായ്പോഴും വച്ചുകൊണ്ടിരിക്കുക പ്രയാസമെന്നറിഞ്ഞ് അദ്ദേഹം അകന്നു് ഇരിക്കുകയാണ്. "എന്റെ, എന്റെ" എന്ന ശബ്ദം സംസാരത്തിൽ എല്ലായ്പോഴും ഇരിക്കുമ്പോൾ എന്റേതല്ല എന്ന ധാരണ എങ്ങിനെ ഉണ്ടാകും? അദ്ദേഹത്തേ "രാമൻ" എന്നു് ജനങ്ങൾ വിളിക്കുന്നു. അദ്ദേഹം രാമനായിത്തീരുന്നു. അദ്ദേഹത്തിന്റെ ഭവനമെന്നു കേട്ടു കേട്ട് അദ്ദേഹത്തിന്റെ ഭവനമെന്നു മനസ്സിലാകുന്നു. ഇവയെല്ലാം മിത്ഥ്യയെന്നു് ജാഗ്രദവസ്ഥയിൽ സൂക്ഷിച്ചിരുന്നു മനസ്സിലാക്കുവാൻ ശ്രമിച്ചാലും നിദ്രയിൽ ആ ബാല്യസംസ്കാരം ഇരിക്കുന്നതായിതന്നെ കാണുന്നു. ദൂരദേശ വാസം, ആത്മഗോപനം, അവിരതശ്രമം, തിതിക്ഷ, വിവേകം, ഇവയൊന്നുകൊണ്ടും സംസ്കാരത്തിന്റെ അടയാളം പോകുന്നില്ലെന്നുകണ്ടു് അദ്ദേഹം അകന്നിരിക്കുന്നു--ദൌർബ്ബല്യതയനുഭവിച്ചു് മാറിയിരിക്കുന്നു--ദുർജ്ജയമായ സംഗ്രാമമെന്നറിഞ്ഞ് പലായനം ചെയ്തിരിക്കുന്നു. അദ്ദേഹം അഭിമാനിയല്ല. ഭീതൻ, പണം തൊടാൻ തുനിയുന്നില്ല. രമണിയുടെ സഹവാസത്തെ സർപ്പസഹവാസംപോലെ കരുതുന്നു. അശാന്ത ഹൃദയത്തിൽ ശാന്തിയേ അന്വേഷിക്കുന്നു. ശ്രീരാമകൃഷ്ണദേവൻ ഒരുദിവസം അദ്ദേഹത്തിന്റെ ഒരു ബാല ശിഷ്യനോടു പറഞ്ഞു, "നിന്റെ അംഗലക്ഷണങ്ങൾകൊണ്ടു് നിനക്കു ധാരാളം ധനം ലഭിക്കുമെന്നു കാണുന്നു. നിനക്കു ധനമുണ്ടായാൽ നല്ലതുതന്നെ. സദ്വ്യയം ചെയ്യുമെല്ലോ? എന്തു പറയുന്നു? ധനവാനാകണോ? ഇതുകേട്ടു ബാലൻ അതി വ്യാകുലനായി അദ്ദേഹത്തിന്റെ ശ്രീചരണങ്ങളെ പിടിച്ചുകൊണ്ടു് കാതരനായി പ്രാർത്ഥിച്ചു. "ഭഗവൻ! എന്നെ രക്ഷിക്കണേ! എനിക്കു ധനമുണ്ടാകാതിരിപ്പാൻ അനുഗ്രഹിക്കണേ!" കാമാവേഗത്താൽ ചിലർ ഈശ്വരനേ ശരണം പ്രാപിച്ചു പ്രാർത്ഥിക്കുന്നു--കാമം പോകാനുള്ള മാർഗ്ഗം--കാമിനീകടാക്ഷത്തിൽ നിന്നു രക്ഷ കിട്ടാനുള്ളവഴി, വ്യാകുലനായി അദ്ദേഹത്തെ ശരണം പ്രാപിക്കുകയാകുന്നു. അർത്ഥ ഭീരുക്കളും കാമിനീഭീരുക്കളും അത്രേ പിന്നീടു് സന്യാസികളായിത്തീരുന്നതു്. കുസുമശയ്യയിൽ ലാളിതന്മാരും സ്വർണ്ണപാത്രത്തിൽ ഭക്ഷണം കഴിച്ചിട്ടുള്ളവരും ചിലപ്പോൾ നിങ്ങളുടെയും എ

ൻെറയും പടിവാതുക്കൽ ഭിക്ഷയെടുത്തു സഞ്ചരിക്കുന്നു. ഭയം നിമിത്തം. അഭിമാനത്താലല്ല. ഇവരെ കപടസന്ന്യാസികളെന്നു പറയുന്നതു വലിയ അപരാധമാണു്. അവർ സന്ന്യാസിമാർ. എങ്കിലും പ്രവൃത്തി ചെയ്യുന്നു. ശ്രീരാമകൃഷ്ണദേവൻെറ ഉപദേശാനുസാരം അവർ ജീവന്മാരെ ഈശ്വരദാസന്മാരെന്നറിഞ്ഞു് അവരുടെ ശുശ്രൂഷയിൽ വ്യാപൃതരായിരിക്കുന്നു. സമസ്തജീവികളും ഈശ്വരൻെറ രൂപഭേദങ്ങളാണെന്ന അറിവോടുകൂടി അവർ എല്ലാവരേയും സേവിക്കുന്നു. ഭിക്ഷാലബ്ധമായ ദുഗ്ദ്ധത്തെ ദാഹപീഡിതനു കൊടുത്തു് സാവകാശം ലഭിക്കുമ്പോൾ ഗൃഹന്തോറും മാധുകരീഭിക്ഷയെടുക്കുന്നു. ആലസ്യം കൂടാതെ അനവരതം വേല ചെയ്യുന്നു. ജീവനെ തൃണവൽഗണിച്ചു് പരഹിതചിന്തയിൽ ഉദ്യുക്തരാകുന്നു. സുഖദുഃഖങ്ങൾ ജീവിതത്തിലെ അനിവാൎയ്യങ്ങളായ അവസ്ഥാഭേദങ്ങളാണെന്നറിഞ്ഞു് അവയിൽ സ്പൃഹാദ്വേഷങ്ങൾ അവൎക്കില്ല തന്നെ. എന്നാൽ ജീവിതത്തെ പരാർത്ഥമായി സമൎപ്പിച്ചിരിക്കുകയാൽ സുഖദുഃഖങ്ങളെ പരകാൎയ്യത്തിൽ നിന്നുമനുഭവിക്കുന്നു. ശാന്തിദേവി അവരുടെ ഹൃദയകമലത്തിൽ സദാ വസിക്കുന്നു. ആരുടെ ദാസനോ അദ്ദേഹത്തിൻെറ ജോലി ചെയ്യുന്നു. പ്രവൃത്തിശക്തി അദ്ദേഹം നല്കുന്നു. താൻ ദുർബ്ബലനെന്നറിയുന്നു. അതു നിമിത്തം എന്തെങ്കിലും മഹൽകാൎയ്യവും സാധിക്കുവാൻ സമൎത്ഥനാകുമ്പോൾ ഈശ്വരൻെറ ശക്തിയെ അവിടെ കാണുന്നു. അഭിമാനം ഇരിക്കുന്നില്ല. സേതുബന്ധത്തിലെ അണ്ണാനെപ്പോലെ തങ്ങളെ അറിഞ്ഞു് പ്രവൃത്തിയ്ക്കു് അധികാരം നല്കിയതിനു് അത്യന്തം കൃതാൎത്ഥരും കൃതജ്ഞരുമായിരിക്കുന്നു. കൎമ്മഫലത്തെ ഉപേക്ഷിക്കുന്നു. എന്നാൽ കൎമ്മം ചെയ്ക തന്നെയാണു് അവൎക്കു പ്രിയം. പക്വമായ ഫലം പോലെ കൎമ്മബന്ധനം അററു വീഴുമ്പോൾ അവർ ത്രിഗുണാതീതരാകുന്നു ഇപ്പോൾ കൎമ്മം ചെയ്യുന്നു, എന്നാൽ യാതൊരാഗ്രഹവുമില്ല. ശ്രീമൽ വിവേകാനന്ദസ്വാമികൾ ഒരു ദിവസം പറഞ്ഞതു്, അദ്ദേഹം കൎമ്മയുദ്ധത്തിൽ ഏൎപ്പെട്ടിരിക്കുന്നു എന്നും ആ യുദ്ധത്തിൽ മരണവും താൻ അഭിലഷിക്കുന്നുവെന്നും കൎമ്മം ചെയ്തുകൊണ്ടിരിക്കുമ്പോൾ തന്നെ തനിക്കു ശ്വാസരോധം വരണമെന്നുമായിരുന്നു. കൎമ്മം ചെയ്യാതെ യാതൊരുവൻ കൎമ്മത്യാഗമിച്ഛിക്കുന്നു, യാതൊരുവൻെറ കൎമ്മം താനേതന്നെ നശിച്ചിട്ടില്ലെങ്കിലും താൻ കൎമ്മത്യാഗിയെന്നു് അഭിമാനിക്കുന്നു, അവൻ ഘോരമായ തമോഗുണത്തിൽ ആമഗ്നനായിരിക്കുന്നു. ശ്രീരാമകൃഷ്ണദേവനു് കൎമ്മസ്പൃഹ അത്യന്തം ബലവത്തായിരുന്നു. പിതൃതൎപ്പണത്തിനായി ഗംഗയിൽ ഇറങ്ങി വെള്ളം എടുക്കുവാൻ ഭാവിച്ചപ്പോൾ അദ്ദേഹത്തിൻെറ കരപുടങ്ങളിൽ വെള്ളം ഇരിക്കുന്നില്ലെന്നു കണ്ടു. അപ്പോൾ വ്യാകുലനായി കരഞ്ഞു് എനിക്കെന്താ

ണ് ഇങ്ങനെ വന്നതെന്നു് എല്ലാവരോടും ചോദിച്ചു. ഇപ്രകാരം കർമ്മക്ഷയം വന്നുവെങ്കിലും അദ്ദേഹം കർമ്മം ചെയ്യുവൻ. അതികഠോരമായ കഷ്ടം. ജീവനെ ഉപേക്ഷിച്ചു് ജീവന്മാൎക്കു പരമാൎത്ഥത്തെ പ്രദാനം ചെയ്തു. നിർമ്മലമായ ചരണം പാപികളുടെ സ്പർശനം നിമിത്തം ദഗ്ധപ്രായമായി. എങ്കിലും ശ്രീചരണങ്ങൾ സകലൎക്കുമായി വെച്ചിരുന്നു. വായിൽ കൂടി ശോണിതം പ്രവഹിക്കുന്നു എങ്കിലും ഉപദേശദാനത്തിൽ നിന്നു വിരതനാകുന്നില്ല. ജീവന്മാരുടെ ദുഃഖത്തിൽ ദുഃഖിക്കുന്നു. സങ്കല്പരഹിതമായ മനസ്സിൽ അന്യൎക്കുവേണ്ടി ശതശതജന്മം ഗ്രഹിക്കുവാൻ സങ്കല്പിക്കുന്നു.

അവിവേകിയായ മനസ്സ്, അതിനാൽ എന്തു ചെയ്യണം. സന്യാസിയാകട്ടെയെന്നു് ഞാൻ ആലോചിക്കുന്നു. എന്നാൽ ശ്രീരാമകൃഷ്ണദേവൻ പറയുന്നു, "മൂഢവാസനകൾ ഇരിക്കുമ്പോൾ കാഷായവസ്ത്രം ധരിക്കുന്നവനു് ഇഹപരകാലങ്ങളും നഷ്ടമായിപ്പോകുന്നു. യുദ്ധക്ഷേത്രത്തിൽ അൎജ്ജുനൻ ശസ്ത്രാസ്ത്രങ്ങൾ ത്യജിച്ചു് ദണ്ഡും കമണ്ഡലുവും ധരിക്കാൻ ആഗ്രഹിച്ചു. എന്നാൽ ശ്രീകൃഷ്ണഭഗവാൻ അദ്ദേഹത്തെ തടുത്തു. ശ്രീമൽ വിവേകാനന്ദസ്വാമി ഇതിനു് ഒരു മനോഹരമായ വ്യാഖ്യാനം നൽകിയിരിക്കുന്നു. അൎജ്ജുനൻ യുദ്ധത്തിൽനിന്നു വിരമിക്കാനാഗ്രഹിച്ചപ്പോൾ അദ്ദേഹം തമോഗുണബദ്ധനായിരുന്നു. അദ്ദേഹത്തിൻെറ കണ്ഠം ശുഷ്കം, മുഖം പ്രസാദരഹിതം, ഹൃദയം ഭയകമ്പിതം, ഇവയെല്ലാം തമോഗുണലക്ഷണങ്ങൾ. ശ്രീകൃഷ്ണഭഗവാൻെറ ഉപദേശത്താൽ അദ്ദേഹത്തിൻെറ തമസ്സു നീങ്ങി. രജോഗുണത്താൽ യുദ്ധം ചെയ്തു. അൎജ്ജുനൻെറ ഭയത്തെ നശിപ്പിക്കുന്നതിനായി ഭഗവാൻ വിശ്വരൂപം കാണിച്ചു. അതിൽ അൎജ്ജുനൻ കണ്ടതു് ഇപ്രകാരമാണു്. തൻെറ ശത്രുക്കൾ മൃതരായിരിക്കുന്നു—മഹാബലശാലികളെന്നും ദുൎജ്ജയരെന്നും താൻ വിചാരിച്ചിരുന്ന ശസ്ത്രധാരികളായ വീരപുരുഷന്മാർ ഹതരായിരിക്കുന്നു. അവരേ വധിക്കേണ്ട ആവശ്യമേ ഇല്ല. താൻ നിമിത്തം മാത്രം. തൻെറ ചിത്തശുദ്ധിക്കുവേണ്ടിമാത്രമാണു് പ്രവൃത്തി. കർമ്മം ചെയ്യാതെ ചിത്തം ശുദ്ധമാകുകയില്ല. ഗീതോപദേശം ശ്രവിച്ചു് ഇവയുടെ സാമാന്യധാരണ വന്നശേഷം പ്രവൎത്തിയ്ക്കുവാൻ തുടങ്ങി. കർമ്മത്താൽ കർമ്മം ക്ഷയിച്ചു് കൌരവവിജയിയും മഹാപരാക്രമിയുമായ വിജയൻ ഒരു ഗോപനുമായി എതൃത്തു് സ്വയം പരാജിതനായപ്പോൾ ഇതുവരെ ഉണ്ടായിരുന്ന ശക്തി തൻേറതല്ലെന്നും കൃഷ്ണൻെറ ശക്തിയാൽ താൻ വിശ്വവിജയിയായിതീൎന്നതാണെന്നും അദ്ദേഹം നല്ലവണ്ണം ധരിച്ചു. അദ്ദേഹത്തിനു സത്വഗുണം ഉദിച്ചു, സന്യാസത്തിനു അർഹനായി, മഹാസന്യാസം സ്വീകരിച്ചു.

ഞാൻ ഗൃഹസ്ഥാശ്രമി; തമോഗുണപൂർണ്ണൻ, ആലസ്യത്തിനു് അധീനനായി ഭയന്നു് നിസ്സ്വാർത്ഥഭാവം നടിച്ചു് കേവലം സ്വാർത്ഥലാഭത്തിനായി പെട്ടെന്നു് സന്ന്യാസം സ്വീകരിച്ചാൽ അതു വ്യർത്ഥംതന്നെ. ത്യാഗിയെന്നു വിചാരിച്ചു് നരപതികൾപോലും എന്റെ പാദങ്ങളിൽ നമസ്കരിക്കും, ധനം നൽകും. വിദ്യാധരികളേപ്പോലും അതിശയിക്കുന്ന റാണികൾ പാദസേവചെയ്യുന്നതിനു് ഏകാന്തസ്ഥലത്തു് രാത്രിസമയവും വരും. ശത്രുക്കൾ നമസ്കരിക്കും. ഇതെല്ലാം സഹിക്കുവാനുള്ള ശക്തി വാസനാബദ്ധനായ വ്യക്തിയ്ക്കു് ഇല്ല തന്നെ. ഇഹലോകത്തിൽ തന്നെ അവനു ശിക്ഷ ആരംഭിക്കും. സമുദായനിന്ദിതവും ധർമ്മവർജ്ജിതവുമായ കാരാഗൃഹമൃത്യു അവനു സംഭവിക്കാൻ ധാരാളം അവകാശമുണ്ടു്. അവനു് ഇഹപരങ്ങൾ രണ്ടും ഇല്ലാതെയാകും. ഇതിനുള്ള ദൃഷ്ടാന്തം പ്രത്യക്ഷമായി എല്ലാവർക്കും കാണാൻ കഴിയും. സംസാരിക്കു് വഞ്ചന, കാപട്യം, ഇവ ഒരു പക്ഷേ തരക്കേടില്ലാതെയും വന്നേക്കാം. അവനു് ഗതിയുണ്ടു്. എന്നാൽ സന്ന്യാസിയെന്നു നടിച്ചു് ഈശ്വരനെ വഞ്ചിക്കുവാൻ—ചക്രിയോടു കപടത കാണിക്കുവാൻ—മൂഢനല്ലാതെ മററാരും ഒരുമ്പെടുകയില്ല—ധൈര്യപ്പെടുകയില്ല. പുരാണങ്ങളിൽ ഈപ്രകാരം കാണുന്നു. ശ്രീരാമനുമായുള്ള യുദ്ധത്തിൽ കാതരനായി രാവണൻ ദേവിയെ ശരണം പ്രാപിച്ചപ്പോൾ അംബിക അഭയം നൽകി. എന്നാൽ, ശ്രീമഹാദേവൻ പറഞ്ഞു "ദേവി! അവന്റെ അടുക്കൽ നിന്നുമാറുക!" ഉടൻ രാവണൻചോദിച്ചു, "ദേവദേവ! ഞാൻ അവിടുത്തെ ചിരകാലസേവകനാണല്ലൊ? എന്നോടു് ഇപ്രകാരം അപ്രസന്നനാകുന്നതെന്തുകൊണ്ടു്?" മഹാദേവൻ മറുപടി പറഞ്ഞു, "പാപിഷ്ഠ! നീ സമ്മുഖസമരത്തിനു് രാമനെ ക്ഷണിച്ചു് സീതയെഹരിച്ചിരുന്നാൽ ഞാൻ ശൂലഹസ്തനായി നിന്നെ സഹായിക്കുമായിരുന്നു. ദേവകന്യകകളേയും നാഗകന്യകകളേയും നീ അപഹരിച്ചു. എന്റെബലത്താൽ തന്നെ. അതുകൊണ്ടു ഞാൻ അപ്രീതനായില്ല. ഇപ്പോഴാകട്ടെ സന്ന്യാസിയെന്നു നടിച്ചു് കുലസ്ത്രീയെ അപഹരിച്ചതു കൊണ്ടു് നിന്റെ വിനാശം അടുത്തിരിക്കുന്നു. നിന്റെ പ്രവൃത്തികൊണ്ടു് ഇനിമേൽ സന്ന്യാസികളെ ഗൃഹസ്ഥാശ്രമി വിശ്വസിക്കുകയില്ല. നിന്റെ പൂജ ഞാൻ സ്വീകരിക്കുകയില്ല"

സന്ന്യാസിയാകാതെയും എനിക്കു മാർഗ്ഗമുണ്ടു്. ധർമ്മത്തിനായി ധർമ്മത്തേത്തന്നെ ശരണം പ്രാപിക്കാം. യഥാസാദ്ധ്യം സൽക്കർമ്മങ്ങൾ അനുഷ്ഠിക്കാം. ഞാൻ ദുർബ്ബലനാണെങ്കിലും ധർമ്മം എനിക്കു ബലം നൽകും. അന്യരെ അനുസരിച്ചു് ഞാൻ സന്ന്യാസിയെന്നു നടിക്കുകയില്ല. അങ്ങനെയായാൽ സകലത്തും

നഷ്ടമാകും. ഒരു കഥ ഉണ്ട്. ഒരിക്കൽ ഒരു വിറകുവെട്ടി നദി കടക്കുമ്പോൾ അയാളുടെ കോടാലി വെള്ളത്തിൽ വീണുപോയി. ഉടനെ കാതരനായി വിശ്വകർമ്മാവിനോടു പ്രാർത്ഥിച്ചു "ദേവ! എൻെറ ജീവനോപായമായ കോടാലി എനിക്കു നൽകണമേ!" ഉടൻ ഒരു വെള്ളിക്കോടാലി ഒഴുകി വന്നു. അതു തൻേറതല്ലെന്നു കണ്ടു ദേവനോട് ഇപ്രകാരം പറഞ്ഞു "ഇതു് എൻേറതല്ല, എൻെറ കോടാലി നൽകണേ!" അപ്പോൾ വെള്ളിക്കോടാലി മുങ്ങി സ്വർണ്ണക്കോടാലി ഒഴുകിവന്നു. അവൻ വീണ്ടും മുൻപിലത്തേപ്പോലെ പറഞ്ഞു. ഒടുവിൽ തൻെറ കോടാലി ഒഴുകി വന്നതു കണ്ടു പരമാനന്ദഭരിതനായി അതു സ്വീകരിച്ചു. ഇതു കണ്ടു വിശ്വകർമ്മാവു സന്തുഷ്ടനായി. അവന് വെള്ളിക്കോടാലിയും സ്വർണ്ണക്കോടാലിയും നൽകി. മറെറാരു വിറകുവെട്ടി ഇതു കണ്ടു് അവൻെറ കോടാലി വെള്ളത്തിൽ കളഞ്ഞു വിശ്വകർമ്മാവിനോടു പ്രാത്ഥിച്ചു. ഉടൻ വെള്ളിക്കോടാലിയും സ്വർണ്ണക്കോടാലിയും ഒഴുകി വന്നു. ലോഭിയായ അവൻ അവ തൻേറതല്ലെന്നു പറഞ്ഞു പിന്നീടു തൻെറ കോടാലി ഒഴുകിവന്നപ്പോൾ അതു് എടുക്കാൻ ഭാവിച്ചു. മററ രണ്ടു കോടാലികളും തനിക്കും കിട്ടുമെന്നു സങ്കല്പിച്ചു. എന്നാൽതൻെറ കോടാലിയും മുങ്ങിപ്പോകുകയാണുണ്ടായതു്. അന്യരെക്കണ്ടു സ്വന്യാസ്യം സ്വീകരിക്കുന്നതിൻെറ ഫലവും ഇപ്രകാരമാകുന്നു. ഫലാകാംക്ഷവെച്ചുകൊണ്ടു് നിർമ്മലമായ കാൎയ്യം സാധിക്കുക സാദ്ധ്യമല്ല.

---

## ശ്രീവിവേകാനന്ദചരിതം.

ഭഗവാൻെറ ഭക്തന്മാരും നരേന്ദ്രനും

(തുടച്ച്)

മുൻപറഞ്ഞവർ കൂടാതെ അനേകം സ്ത്രീകളും പുരുഷന്മാരും ഈ കാലത്തു ശ്രീരാമകൃഷ്ണദേവനെക്കണ്ടു ശാന്തി ലഭിക്കുന്നതിനായി ദക്ഷിണേശ്വരത്തു് വന്നിട്ടുണ്ടു്. ഇവർ എല്ലാവരേയും ഭഗവാൻ സസ്നേഹം സ്വീകരിച്ചു ചിലൎക്കു് ഉപദേശം കൊടുത്തും ചിലരെ ദിവ്യാവേശത്തോടു സ്പർശിച്ചും കൃതാൎത്ഥന്മാരാക്കീട്ടുണ്ടു്. ഇപ്രകാരം കാലക്രമം കൊണ്ടു് ഒരു വലിയ ഭക്തസംഘം അദ്ദേഹത്തിൻെറ ചുററും ക്രമേണ സംഘടിതമായി. ഇവരുടെ ഇടയ്ക്കു് ബാലന്മാരുടേയും, കല്യാണം കഴിക്കാത്തവരായ ചെറുപ്പക്കാരുടേയും ധൎമ്മജീവിതം ദൃഢമാക്കുന്നതിൽ ഭഗവാനു് വിശേ

ഷശ്രദ്ധയുണ്ടായിരുന്നു. "സംപൂൎണ്ണമനസ്സും കൊടുക്കാതെ ഈശ്വരന്റെ പുണ്യദൎശനം ഒരിക്കലും ലഭിക്കയില്ല. ബാലന്മാരുടെ മനസ്സു മുഴുവനും അവൎക്കു അധീനമാണു്. ഭാൎയ്യ, പുത്രൻ, ധനസമ്പാദനം, ബഹുമാനം, യശസ്സ്, ഈ വിഷയങ്ങളിൽ ഒട്ടും വീണിട്ടില്ല. അതുകൊണ്ടു യതിച്ചാൽ മനസ്സു മുഴുവൻ ഈശ്വരങ്കൽ അൎപ്പണം ചെയ്തു് ഈശ്വരദൎശനം ലഭിച്ചു അവൎക്കു് ജന്മസാഫല്യം പ്രാപിക്കാം. അതാണു് ഇവരെ ധൎമ്മമാൎഗ്ഗത്തിൽ തിരിച്ചു വിടുന്നതിനു എനിക്കു ഇത്ര ആഗ്രഹം". ഇപ്രകാരം ഭഗവാൻ പലപ്പോഴും പറയാറുണ്ടു്. തക്കം നോക്കി ഭഗവാൻ ഇവർ ഓരോരുത്തരേയും ഏകാന്തത്തിൽ വിളിച്ചുകൊണ്ടുപോയി യോഗം, ധ്യാനം മുതലായ ഉച്ചാംഗങ്ങളെപ്പററിയും വിവാഹബന്ധനം ഒരിക്കലും അകപ്പെടാതെ ബ്രഹ്മചൎയ്യം സംരക്ഷിക്കണം എന്നും ഉപദേശിക്കാറുണ്ടു്. അധികാരി ഭേദം അനുസരിച്ചു് ഇവൎക്കു് പ്രത്യേക ഉപാസ്യദേവനെ നിശ്ചയിക്കയും ശാന്തം, ദാസ്യം മുതലായ ഭാവങ്ങൾ അവലംബിച്ചു് ഇഷ്ടദേവങ്കൽ ലയിച്ചു എളുപ്പത്തിൽ ഉയൎന്നുവരുന്നതിനുള്ള വഴിയെപ്പററിയും ഉപദേശം കൊടുക്കും.

ബാലന്മാരോടു പ്രത്യേകം താല്പൎയ്യം കാണിച്ചതുകൊണ്ടു് സംസാരത്തിൽ പ്രവേശിച്ചുപോയ ഭക്തന്മാരോടു ഭഗവാന്റെ കൃപയും കരുണയും കുറഞ്ഞുപോയി എന്നു ആരും ധരിക്കരുതു്. ഉഛാംഗമായ ധൎമ്മതത്വം അഭ്യസിച്ചു പരിശീലനം ചെയ്യുന്നതിനു് ഇവരിൽ മിക്കവൎക്കും സമയവും സൌകൎയ്യവും ഇല്ലെന്നുകണ്ടു ഭഗവാൻ ഇവ ഉപദേശിച്ചില്ല. എന്നാൽ കാമകാഞ്ചനത്തിലും, സുഖാനുഭവത്തിലും ഇവൎക്കുള്ള വാസന ക്രമേണ കുറഞ്ഞു ഭക്തിമാൎഗ്ഗം അനുവൎത്തിച്ചു് ഈശ്വരലാഭം കൊണ്ടു് കൃതാൎത്ഥന്മാരാകാനുള്ളവഴിയെ ഇവരെ നയിച്ചുകൊണ്ടിരുന്നു. പണക്കാരോടു തങ്ങളുടെ വീട്ടിലുള്ള ഭൃത്യന്മാരെപ്പോലെ ഇവ എല്ലാം എന്റെ വകയാണെന്ന ഭാവം ത്യജിച്ചു് ഈശ്വരന്റെ വകയായ സംസാരത്തിൽ ഇരുന്നു തന്റെ കൎത്തവ്യകൎമ്മം ചെയ്യുന്നതിനു് സദാ ഉപദേശിച്ചുവന്നു. "ഒന്നുരണ്ടു കുട്ടികൾ ജനിച്ചാൽ പിന്നീടു് മനസ്സു ഈശ്വരങ്കൽ അൎപ്പിച്ചു് ഭാൎയ്യയെ ഉടപ്പിറന്നവളെന്നു് കരുതി സംസാരത്തിൽ ഇരിക്കണം" എന്നു് പറഞ്ഞു ബ്രഹ്മചൎയ്യം കഴിയുന്നിടത്തോളം രക്ഷിക്കുന്നതിനു് അവരെ ഉത്സാഹിപ്പിക്കും. ഇതുകൂടാതെ സദാ സത്യം പാലിച്ചു് കപടം അശേഷം കൂടാതെ അന്യന്മാരോടു പെരുമാറുന്നതിനും അധികം സുഖാനുഭവം ത്യജിച്ചു് "ഉണ്ണാൻ ചോറും, ഉടുക്കാൻ മുണ്ടും" ഇത്രമാത്രം കൊണ്ടു് തൃപ്തിപ്പെട്ടു ഈശ്വരനിലേയ്ക്കു് സൎവ്വദാ ദൃഷ്ടി ഉറപ്പിച്ചുകൊണ്ടു് സന്ധ്യാകാലങ്ങളിൽ, ഈശ്വരസ്മരണ, മ

നനം, പൂജ, ജപം, സംകീർത്തനം മുതലായവ ചെയ്യുന്നമെന്നു പറയും. ഇതും കൂടി ചെയ്യാൻ സാമർത്ഥ്യമില്ലെന്നു കാണുന്നവരോട് സന്ധ്യാകാലത്തിൽ ഏകാന്തത്തിൽ ചെന്ന് കൈകൊട്ടി നാമസംകീർത്തനം ചെയ്യണം എന്നുപദേശിക്കും സാധാരണ സ്ത്രീപുരുഷന്മാർ അനേകംപേർ ഒന്നിച്ചിരിക്കുമ്പോൾ ശ്രീരാമകൃഷ്ണദേവൻ പലപ്പോഴും ഇപ്രകാരം പറയും "കലിയുഗത്തിലേക്കു നാരദീയഭക്തി--ഉറക്കെ നാമസംകീർത്തനം പാടുന്നതു് കൊണ്ടുതന്നെ ജീവന്നു രക്ഷകിട്ടും. കലികാലത്തു ജീവൻ അന്നഗതപ്രാണൻ (ശക്തി ആഹാരത്തെ ആശ്രയിച്ചിരിക്കുന്നു). ജനങ്ങൾ അല്പായുസ്സുകളും സ്വല്പശക്തിയുള്ളവരും അതിനാൽ ഈശ്വരലാഭത്തിനു് വളരെ എളുപ്പമായവഴി അവർക്കു കല്പിച്ചിട്ടുണ്ടു്" വീണ്ടും യോഗം ധ്യാനം മുതലായ കഠോര സാധനമാർഗ്ഗങ്ങൾ കേൾക്കുമ്പോൾ അവർക്കു മനസ്സുമടിക്കും എന്നു വിചാരിച്ചു് ചിലപ്പോൾ പറയും "സന്ന്യാസിയായാൽപ്പിന്നെ ഈശ്വരനെ വിളിക്കാതെ നിവൃത്തിയില്ല. അതിലേക്കായി അയാൾ സംസാരത്തിലെ സകല കർത്തവ്യ കർമ്മവും ത്യജിച്ചിരിക്കുന്നു. അതുകൊണ്ടു് സന്ന്യാസി ഇതു ചെയ്യുന്നതിൽ മിടുക്കോ അസാധാരണതയോ ഉണ്ടോ? എന്നാൽ സംസാരത്തിൽ ഇരുന്നു് അച്ഛൻ അമ്മ, ഭാര്യ, പുത്രൻ ഇവരോടുള്ള വലിയ ഭാരം ധരിച്ചുകൊണ്ടു് ഒരു നേരംഎങ്കിലും ഈശ്വരനെപ്പററി സ്മരണവും മനനവും ചെയ്യുന്നു. അങ്ങനെയുള്ളവരോടു ഈശ്വരൻ എളുപ്പത്തിൽ പ്രസന്നനാകും. ഈശ്വരൻതന്നെ വിചാരിക്കും—ഇതു വലിയ ഭാരം തോളിൽ എടുത്തുകൊണ്ടു് ഇത്രത്തോളം എങ്കിലും ഭജിക്കുന്നല്ലോ. ഇവൻ കുറെ മിടുക്കനൊണു്-ഈ ഭക്തൻ വീരനാണു്.

എല്ലാ ഭക്തന്മാരിലും എത്ര ഉപരിയായ സ്ഥാനം ഭഗവാൻ നരേന്ദ്രനു് നൽകി എന്നു വിവരിക്കാൻ പ്രയാസമാണു. അപൂർവം ചില ഭക്തന്മാരെപ്പററി "ഈശ്വരകോടിയാണു് ഇവർ" അഥവാ ശ്രീഭഗവാൻെറ കാര്യം സാധിക്കാൻവേണ്ടി സംസാരത്തിൽ ജന്മം സ്വീകരിച്ചവർ എന്നു പറയും. ഈ കൂട്ടത്തിൽ ചേർന്ന ഒരാളിനോടുകൂടി നരേന്ദ്രനെ താരതമ്യപ്പെടുത്തി ഭഗവാൻ ഒരിക്കൽ ഞങ്ങളോടു പറഞ്ഞു. "നരേന്ദ്രൻ സഹസ്രദളകമലമാണു്. ഇയാൾ ഒരു പത്മം, ഇവരിൽ ചിലർ ദശദളപത്മം, ചിലർ പഞ്ചദശപത്മം, ചിലർ അങ്ങേഅററം വിംശൽദളപത്മം" വേറൊരവസരത്തിൽ ഭഗവാൻ പറഞ്ഞു. "എത്രയോ ആളുകൾ ഇവിടെ വരുന്നു. എന്നാൽ നരേന്ദ്രനു തുല്യമായി ഒരാൾ ഒരിക്കലും വരികയില്ല'' ഭഗവാൻെറ അത്ഭുതമായ ജീവിതത്തിലെ അലൌകികപ്രവൃത്തികളും, ഭഗവാൻെറ ഓരോ വാക്കിൻെറയും മർമ്മവും ശരിയായി ഗ്രഹിക്കുന്നതിനു് നരേന്ദ്രനേപ്പോലെ സാമർത്ഥ്യം വേറെ ആർക്കും ഇല്ലായി

രുന്നു. ഇക്കാലം മുതൽ ഞങ്ങൾ നരേന്ദ്രന്റെ മുഖത്തുനിന്നും ഭഗവാന്റെ വാക്കിന്റെ സംപൂർണ്ണ അർത്ഥംകേട്ടു് അത്യാശ്ചര്യപ്പെട്ടിട്ടുണ്ടു്. ഈ വാക്കെല്ലാം ഭഗവാൻ പറയുന്നതു് ഞങ്ങൾ കേട്ടിട്ടുണ്ടു്. എന്നാൽ ഈ വാക്കിനു ഇത്ര ഗംഭീരമായ അർത്ഥം ഉണ്ടെന്നു ഞങ്ങൾ ഒരിക്കലും വിചാരിച്ചിരുന്നില്ല. ഇതിനു് ഒരു ദൃഷ്ടാന്തം പറയാം. ക്രിസ്താബ്ദം ൧൮൮൪-ൽ (കൊല്ലവർഷം ൧൦൫൯-ാമാണ്ടു) ഞങ്ങളുടെ ഒരു ബന്ധു ദക്ഷിണേശ്വരത്തു വന്നു് ഭഗവാനേക്കണ്ടു. ഭഗവാൻ ഭക്തന്മാരോടുകൂടി മുറിയിൽ ഇരിക്കുകയായിരുന്നു. നരേന്ദ്രനും അവിടെ ഉണ്ടു്. പലമാതിരി സദുപദേശങ്ങളും ഇടയ്ക്കിടയ്ക്കു് നേരംപോക്കുകളും പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ വൈഷ്ണവധർമ്മത്തിന്റെ കാര്യം പറയുകയുണ്ടായി. ഈ മതത്തിന്റെ സാരമായ മർമ്മം ഭക്തന്മാർ ഗ്രഹിക്കാൻവേണ്ടി ഭഗവാൻ ഇങ്ങിനെ പറഞ്ഞു. "മൂന്നുകാര്യം സദാ രക്ഷിക്കുന്നതിനു് ഈ മതം ഉപദേശിക്കുന്നു. നാമെ രുചി, ജീവെ ദയാ, വൈഷ്ണവപൂജന—നാമം നാമംതന്നെ ഈശ്വരൻ. നാമവും നാമി (നാമത്തോടുകൂടിയ ആൾ)യും തമ്മിൽ യാതൊരു ഭേദവും ഇല്ലെന്നു് അറിഞ്ഞു അനുരാഗത്തോടുകൂടി നാമം ചൊല്ലണം. സാക്ഷാൽ ശ്രീകൃഷ്ണൻതന്നെയാണു് ജഗത്തും സംസാരവും, ഈ കാര്യം ഹൃദയത്തിൽ ധരിച്ചുകൊണ്ടു് എല്ലാ ജീവനോടും ദയ കാണിക്കണം. "സർവ്വജീവെദയാ എന്നു പറഞ്ഞ ഉടൻതന്നെ പെട്ടെന്നു് സമാധിസ്ഥനായി അല്പം കഴിഞ്ഞു് അർദ്ധബാഹ്യദശയെ പ്രാപിച്ചിട്ടും പറഞ്ഞു. "ജീവെദയാ, ജീവെദയാ" മണ്ട! നീ ആരു്; കീടതുല്യനായ നീ ജീവനോടു ദയ കാണിക്ക! ദയ കാണിക്കാൻ നീ ആരാണു്. അതബദ്ധം. ജീവനോടു ദയ അല്ല. ശിവജ്ഞാനെ ജീവേർസേവാ, ജീവൻ സാക്ഷാൽ പരമശിവനാണു് എന്ന ബോധത്തോടുകൂടി ജീവനെ ശുശ്രൂഷിക്കണം". ഭാവാവിഷ്ടനായ ഭഗവാന്റെ വാക്കു എല്ലാപേരും കേട്ടു എങ്കിലും ഇതിന്റെ ഗൂഢമായ അർത്ഥം നരേന്ദ്രൻ മാത്രമേ ഗ്രഹിച്ചുള്ളു. ഭഗവാൻ സാധാരണസ്ഥിതിയിൽ വന്നതിൽപിന്നീടു് നരേന്ദ്രൻ വെളിയിൽ വന്നുപറഞ്ഞു. "എന്തു അത്ഭുതപ്രകാശമാണു് ഭഗവാൻ ഇപ്പോൾകാണിച്ചുതന്നതു്. ശുഷ്കവും, കഠിനവും, നിർമ്മലവും എന്നു എല്ലാപേരും വിചാരിക്കുന്ന വേദാന്തജ്ഞാനത്തെ ഭക്തിമാർഗ്ഗത്തോടുകൂടി എത്ര എളുപ്പത്തിൽ സരസമായി ഭംഗിയായി സമന്വയം ചെയ്തുവെന്നു കാണുന്നില്ലേ. അദ്വൈതജ്ഞാനം സിദ്ധിച്ചതിൽപിന്നീടു് സംസാരം.സാപൂർണ്ണം ത്യജിച്ചു് വനത്തിൽചെന്നു ഏകാകിയായിരുന്നു് അവർ ഭക്തിഭാവം ദൂരെ കളയുന്നു. സംസാരവും മനുഷ്യരും ധർമ്മമാർഗ്ഗത്തിനു് തടസ്സം എന്നു വിചാരിച്ചു് സാധാരണ ജനങ്ങളോടു സ്വല്പ നിന്ദയും മനസ്സിൽ ഉദിക്കുന്നു. ഇതിൽനിന്നും സാധകൻ വഴിതെററാൻ എളുപ്പമാണു്. എന്നാൽ ഭഗവാന്റെ ഇന്ന

ത്തെ വാക്കു വനത്തിലെ വേദാന്തം ഗൃഹത്തിൽ കൊണ്ടുവന്നിരിക്കുന്നു. ഭഗവാന്റെ ആദർശം അനുസരിച്ച് അദ്വൈതജ്ഞാനം ലഭിച്ചവൎക്കു സാധാരണമനുഷ്യർ ചെയ്യുന്ന സകലപ്രവൎത്തിയും ചെയ്യാം സാക്ഷാൽ ഈശ്വരൻതന്നേ സകല പ്രവൃത്തിയും ജഗത്തായി മുമ്പിൽ കാണുന്നതേ ഉള്ളൂ എന്ന തത്വം സദാ ഓൎമ്മിച്ചാൽ മതി. ഓരോ നിമിഷത്തിലും ഏതു ജീവനോടുകൂടി പെരുമാറുന്നു ആരേ സ്നേഹിക്കുന്നു, ആരെ ബഹുമാനിക്കുന്നു അവർ എല്ലാപേരും ഈശ്വരന്റെ അംശം. ഈശ്വരൻതന്നെ. സംസാരത്തിൽകാണുന്ന എല്ലാപേരോടും ഈ ഭാവം രക്ഷിച്ചാൽ തന്നത്താനെ വലിയ ആൾ എന്നു വിചാരിക്കാനോ അന്യന്മാരെ ദ്വേഷിക്കാനോ ഇട ഇല്ലല്ലോ. ഇപ്രകാരം ശിവജ്ഞാനത്തിൽ ജീവനെ ശുശ്രൂഷിക്കുമ്പോൾ സ്വല്പകാലംകൊണ്ടു ചിത്തശുദ്ധി ഉണ്ടായി തങ്ങളും ചിദാനന്ദമയനായ ഈശ്വരന്റെ അംശമാണ്. അതിനാൽ പ്രകൃത്യാ ശുദ്ധബുദ്ധമുക്തസ്വഭാവത്തോടുകൂടിയവനാണെന്ന് പ്രത്യക്ഷീകരിക്കും. ഭഗവാന്റെ ഈ വാക്ക് ഭക്തിമാൎഗ്ഗത്തിലും വിശേഷപ്രകാശം തരുന്നുണ്ട്. സൎവ്വഭൂതങ്ങളിലും ഈശ്വരനെ പ്രത്യക്ഷത്തിൽ കാണുന്നതുവരെ സാധകൻ പരാഭക്തി എന്ന അവസ്ഥ പ്രാപിച്ചിട്ടില്ല. ശിവനോ നാരായണനോ എന്നു വിചാരിച്ച് ജീവനെ ശുശ്രൂഷിച്ചാൽ ഭക്തിമാർഗ്ഗത്തിൽ പോകുന്ന സാധകന് സ്വല്പകാലംകൊണ്ടു കൃതാർത്ഥനാകാം എന്നു പറയേണ്ടല്ലോ. കൎമ്മമാൎഗ്ഗം അനുസരിച്ചോ യോഗമാർഗ്ഗം അനുസരിച്ചോ പോകുന്ന സാധകനും ഈ വാക്കു വഴിതെളിക്കുന്നു. കൎമ്മം ഒന്നും ചെയ്യാതെ ദേഹിക്കു ഒരു നിമിഷംപോലും ഇരിക്കാൻ കഴികയില്ല. ശിവജ്ഞാനത്തിൽ ജീവസേവയാകുന്ന കൎമ്മം ചെയ്യണം. ഇപ്രകാരം ചെയ്താൽ അവൎക്കും വേഗത്തിൽ ഫലപ്രാപ്തി വരും. ഭഗവാന്റെ അടുക്കൽ ഇന്നു നാം കേട്ട അത്ഭുതസത്യം ലോകം മുഴുവൻ പ്രചാരപ്പെടുത്തണം. പണ്ഡിതനും, പാമരനും, ധനികനും, ദരിദ്രനും, ബ്രാഹ്മണനും, ചണ്ഡാലനും, എല്ലാവരും ഇതുകേട്ട് ആശ്ചൎയ്യപ്പെടണം" മഹാപുരുഷനായ ഭഗവാൻ ഇപ്രകാരം സമാധി രാജ്യത്തിൽ സഞ്ചരിച്ച്, ജ്ഞാനം, പ്രേമം, യോഗം, കൎമ്മം ഇവയുടെ ശുദ്ധതത്വങ്ങളെപ്പറ്റി അപൂൎവ്വപ്രകാശം ജനങ്ങൾക്കു കൊടുത്തിട്ടുണ്ട്. ഭാഗ്യഹീനന്മാരായ ഞങ്ങൾക്ക് ഇതു ഗ്രഹിക്കാൻ സാധിച്ചിട്ടില്ല. മഹാമനസ്കനായ നരേന്ദ്രൻ ഭഗവാന്റെ ദേവവാണി ശരിയായി ഗ്രഹിച്ചു പൂൎണ്ണ അൎത്ഥം ഞങ്ങളെ കേൾപ്പിച്ച് ഞങ്ങളെ പലപ്പോഴും അത്യാശ്ചൎയ്യപ്പെടുത്തിട്ടുണ്ട്.

# ശ്രീരാമാനുജചരിതം.

(തുടൎച്ച)

പൂൎവ്വാചാൎയ്യന്മാർ രാമാനുജനെ ലക്ഷ്മണാവതാരമെന്നു പറഞ്ഞിട്ടുള്ളതു് അവർ പുരാണപ്രമാണമനുസരിച്ചു് കാണിച്ചിരിക്കുന്നു. ഇതു് മുൻപു് സൂചിപ്പിച്ചിട്ടുണ്ടു്. സൌമിത്രിയുടെ സ്വഭാവത്തോടു് കേശവനന്ദനന്റെ സ്വഭാവത്തെ തുലനം ചെയ്യുമ്പോൾ പല സാദൃശ്യങ്ങളും നമുക്കു കാണാൻ കഴിയും. ലക്ഷ്മീവൎദ്ധനനായ ലക്ഷ്മണന്റെ കൎത്തവ്യതീക്ഷ്ണത, സത്യനിഷ്ഠ, രാമഭക്തി, ജിതേന്ദ്രിയത്വം, ധൎമ്മതല്പരത ഇവ ലോകത്തിൽ തുലോം തുലനാതീതങ്ങളാകുന്നു. അദ്ദേഹത്തിന്റെ ഹൃദയരാജ്യത്തിന്നു് ശ്രീരാമചന്ദ്രൻതന്നെയായിരുന്നു ഏകാധീശ്വരൻ. രാമരസത്തിലല്ലാതെ ഇതരരസങ്ങളിൽ അദ്ദേഹത്തിന്നു ആസ്ഥപോലും ഇല്ലായിരുന്നു. ഭൌതികങ്ങളായ പ്രലോഭനങ്ങളിൽനിന്നു് അദ്ദേഹം തുലോം അകന്നുനിന്നതിൽ എന്താണാശ്ചൎയ്യം? ഇതിന്നു വളരെ വളരെ പ്രമാണങ്ങൾ നമുക്കു് വാല്മീകിഗിരിസംഭൂതയും രാമസാഗരഗാമിനിയുമായ രാമായണഗംഗയിൽ അവഗാഹനം ചെയ്താൽ ലഭിക്കുന്നതാണു്. മായാമയമായ സ്വൎണ്ണമൃഗം രമണീയകുലത്തിന്റെ ഗൌരവസ്വരൂപിണിയായ ജനകനന്ദിനിയെ മോഹിപ്പിച്ചിട്ടു്, സമസ്തകല്യാണഗുണൈകഭാജനമായ ഭഗവാൻ ശ്രീരാമചന്ദ്രനേയും വിമോഹിതനാക്കി, അപ്പോൾ ലക്ഷ്മണൻ അദ്ദേഹത്തിന്റെ ഇഷ്ടദേവനെ ഇപ്രകാരം ഓൎമ്മിപ്പിച്ചു.

തമേവൈനമഹംമന്യേ മാരീചംരാക്ഷസംമൃഗം
ചരന്തോമൃഗയാംഹൃഷ്ടാഃ പാപേനോപാധിനാവനേ
അനേനനിഹതാരാമ രാജാനഃ പാപരൂപിണാ
അസ്യമായാ വിദോമായ മൃഗരൂപമിദംകൃതം.
ഭാനുമൽ പുരുഷവ്യാഘ്ര ഗന്ധൎവ്വപുരസന്നിഭം
മൃഗോഹ്യേവംവിധോ രത്നവിചിത്രോനാസ്തിരാഘവ!
ജഗത്യാം ജഗതീനാഥ മായൈഷാ ഹി ന സംശയഃ

ഹേ പുരുഷവ്യാഘ്ര! എനിക്കു തോന്നുന്നതു് ഈ മൃഗം രാക്ഷസനായ മാരീചനല്ലാതെ മററാരുമല്ല എന്നാണു്. രാജാക്കന്മാർ വനപ്രദേശത്തിൽ മൃഗയാവിനോദത്തിന്നു പുറപ്പെട്ടാൽ പാപാത്മാവായ ഈ ദുഷ്ടരാക്ഷസൻ പലപല വ്യാജവേഷങ്ങൾ ധരിച്ചു് അവരെ വഞ്ചനചെയ്തു് ഹിംസിക്കും. ഗന്ധൎവ്വനഗരംപോലെ ഉജ്ജ്വലിച്ചു് മുമ്പിൽകാണപ്പെടുന്ന ഈ മായാമൃഗം ആ അതിമായികം

ൻെറ മായയല്ലാതെ മററുയാതൊന്നുമല്ല. ജഗതീപതിയായ ഹേ രാമചന്ദ്ര! ഭൂമിയിൽ ഇപ്രകാരം സ്വൎണ്ണനിറമുള്ള വിചിത്രമൃഗം ഒരിടത്തും കാണപ്പെട്ടിട്ടില്ല. ഇതു് മായയെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

സീതാസമേതനായ രാമചന്ദ്രൻെറ സേവമാത്രമായിരുന്നു സുമിത്രാനന്ദവൎദ്ധനൻെറ ഏക ജീവിതോദ്ദേശ്യം. രാവണവധാനന്തരം ദേവഗണങ്ങളോടുകൂടി പിതാവായ ദശരഥൻ വന്നു് അദ്ദേഹത്തെ ആശീൎവ്വാദം ചെയ്തു പ്രശംസിച്ചതീവിധമാണു്.

അവാപ്തം ധൎമ്മാചരണംയശശ്ചവിപുലംത്വയാ
ഏനം ശുശ്രൂഷതാവ്യഗ്രം വൈദേഹ്യാസഹസീതയാ.

ഹേ വത്സാ! നീ വിദേഹപുത്രിയായ സീതയോടുകൂടിയ ഈ രാമചന്ദ്രനേ അവ്യഗ്രചിത്തനായി സേവിച്ചതുകൊണ്ടു് ധൎമ്മത്തെയും വിപുലമായ യശസ്സിനെയും പ്രാപിച്ചിരിക്കുന്നു.

ശ്രീരാമാനുജൻെറയും ജീവതത്തിൻെറ ഏകമാത്രമായ ഉദ്ദേശ്യം ശ്രീനാരായണസേവതന്നെയായിരുന്നു. എപ്പോൾ തമഃപ്രകൃതികളായ സമുദായനേതാക്കൾ അഹങ്കാരപ്രമത്തരായിട്ടു് രാവണൻ സീതയെ ഹരിച്ചതുപോലെ, മാനവഹൃദയത്തിൽനിന്നും ഭഗവൽഭക്തിയെ അപഹരിച്ചു, അപ്പോൾ ശ്രീരാമാനുജൻയഥാൎത്ഥ രാമാനുജനേപ്പോലെ ഭക്തയായ സീതയേ ഉദ്ധരിക്കുന്നതിനുവേണ്ടി ആജീവനം പാഷണ്ഡന്മാരോടു യുദ്ധംചെയ്തു് ഒടുവിൽ സഫലപ്രയത്നനായി. അദ്ദേഹം നാരായണൻെറ അങ്കത്തിൽ ശ്രീയേ-ഉപവിഷ്ടയാക്കുന്നതിനായിട്ടു് ശ്രീഹീനമായ ഭാരതത്തിൽ വീണ്ടും സൗഭാഗ്യലക്ഷ്മിയെ പ്രകാശിപ്പിച്ചു. ശ്രീയോടുകൂടി നാരായണൻെറ നിത്യസംബന്ധത്തെ പ്രമാണീകരിച്ചു് അദ്ദേഹം വാല്മീകിമഹൎഷിയുടെ അഭിപ്രായംതന്നെ സുവ്യക്തമാക്കി. ആദികവി ബന്ദിമുഖത്താൽ ഗാനം ചെയ്തിരിക്കുന്നതു്:—

ശ്രീശ്ച ധൎമ്മശ്ച കാകുൽസ്ഥ! ത്വയിനിത്യം പ്രതിഷ്ഠിതൌ-

ഹേ കാകുൽസ്ഥ! ധൎമ്മവും ശ്രീയും അങ്ങയിൽ എന്നും പ്രതിഷ്ഠിതങ്ങളാണു്. ശ്രീസമ്പ്രദായപ്രവൎത്തകനായ മഹാപുരുഷൻ തൻെറ അസാധാരണമായ ധീശക്തിയാലും അനവദ്യമായ യുക്തിയോടുകൂടിയും ഇതിനെ സ്പഷ്ടമായി തെളിയിച്ചിരിക്കുന്നു. ലക്ഷ്മണൻ ധൎമ്മത്തിൻെറ മൂൎത്തിമത്തായ വിഗ്രഹമായിരുന്നതുപോലെ ശ്രീരാമാനുജനും ധൎമ്മപരായണനായിരുന്നു. ഇതു് അദ്ദേഹത്തിൻെറ ജീവിതലീലകളെപ്പററി പൎയ്യാലോചിക്കുന്നതായാൽ നിഷ്പ്രയാസം ബോദ്ധ്യമാകുന്നതാണു്. സൌമിത്രിയേപ്പോലെ അദ്ദേഹവും പ്രഭീതിക്കും പ്രലോഭനത്തിനും അഗമ്യമായ സ്ഥാനത്തിൽ വസിച്ചിരുന്നു.

# കമ്മയോഗം.

## വ്യ-ാമദ്ധ്യായം.

### കമ്മയോഗത്തിൻെറ പരമലക്ഷ്യം.

ഒരേ പ്രാപ്യസ്ഥാനത്തു വിവിധമാർഗ്ഗങ്ങളിൽ കൂടെയും എത്തിച്ചേരാം എന്നുള്ളതാകുന്നു വേദാന്തത്തിലെ പരമോൽകൃഷ്ടമായ ആശയം. ഈ വിവിധമാർഗങ്ങളെ ഞാൻ കമ്മമാർഗ്ഗം, ഭക്തിമാർഗ്ഗം, ചിത്തവൃത്തി നിരോധമാർഗ്ഗം, ജ്ഞാനമാർഗ്ഗം, എന്നു സാമാന്യേന നാലായി തരം തിരിച്ചിട്ടുണ്ട്. എന്നാൽഈ പിരിവുകൾ വളരെ സ്പഷ്ടങ്ങളല്ലെന്നും അവതമ്മിൽതമ്മിൽകടന്നനിൽക്കാത്തവയല്ലെന്നും നിങ്ങൾ ഓമ്മിക്കണം. ഒന്നു മറെറാന്നിൽ കടന്നുകൂടും. ഓരോന്നിൻെറയും മുഖ്യ പ്രകൃതിയെ ആസ്പദിച്ചാകുന്നു പേർ കൊടുത്തിരിക്കുന്നതു്. കമ്മം ചെയ്യാനല്ലാതെ മറെറാന്നിനും ശക്തിയില്ലാത്ത ഒരാളെയൊ ഒരു വെറും ഭക്തൻ എന്നല്ലാതെ അതിൽ കവിഞ്ഞ ഒരു സ്വഭാവവും ഇല്ലാത്ത ഒരാളെയൊ ജ്ഞാനം മാത്രമല്ലാതെ മറെറാന്നും ഇല്ലാത്ത ഒരാളെയൊ കാണ്മാൻ കഴിയും എന്നല്ല. ഓരോമനുഷ്യനിലും പ്രധാനമായി കാണുന്ന വാസനയേയൊ സ്വഭാവത്തേയൊ ആസ്പദമാക്കീട്ടാകുന്നു ഈ പിരിവുകൾ കല്പിച്ചിരിക്കുന്നതു്. അവസാനത്തിൽ ഈ നാലുമാർഗ്ഗങ്ങളും അട്ടത്തുകൂടി ഒന്നായിത്തീരുമെന്നു നാം മനസ്സിലാക്കീട്ടുണ്ടല്ലൊ. സവ്വമതങ്ങളും കമ്മപദ്ധതികളും ആരാധനാക്രമങ്ങളും ഒരേ സ്ഥാനത്തേക്കുതന്നെയാകുന്നു നമ്മെ നയിക്കുന്നതു്.

ആ സ്ഥാനം ഇന്നതാകുന്നു എന്നു നിർദ്ദേശിപ്പാൻ ഇതിനു് മുമ്പു് ഞാൻ ശ്രമിച്ചിട്ടുണ്ടു്. ഞാൻ മനസ്സിലാക്കിയിടത്തോളം അതു് സ്വാതന്ത്ര്യമാകുന്നു. അതിനുവേണ്ടിയാകുന്നു നമുക്കുചുററും കാണുന്ന സമസ്ത വസ്തുക്കളും ആയാസപ്പെടുന്നതു്. അണുതൊട്ടു മനുഷ്യപയ്യന്തമുള്ള സമസ്തവും, ജഡവും അചേതനവുമായ അണുപദാത്ഥം മുതൽ ഭൂമിയിൽ അത്യുൽകൃഷ്ടമായ മനുഷ്യജീവിവരെയുള്ള സമസ്തവസ്തുക്കളും സ്വാതന്ത്ര്യപ്രാപ്തിക്കുവേണ്ടിയാകുന്നു യത്നിക്കുന്നതു്. വാസ്തവത്തിൽ ഈ സ്വാതന്ത്ര്യസമ്പാദനത്തിനുള്ള പ്രയത്നത്തിൻെറ ഫലമാകുന്നു ജഗത്തു മുഴുവൻ തന്നെയും. ഓരോ സംഘടനയിലും ഉൾപ്പെട്ടിരിക്കുന്ന അണുക്കൾ ഓരോന്നും മറെറല്ലാ അണുക്കളിൽ നിന്നും അകന്നു് അതിൻെറ സ്വന്തം വഴിക്കുപോകു

വാൻ ശ്രമിക്കുന്നു. എന്നാൽ മററുള്ള അണുക്കൾ അതിനെ ഒതുക്കി നിർത്തുന്നു. ഭൂമി സൂര്യനിൽ നിന്നു് അകന്നു പാഞ്ഞു പോകുവാൻ നോക്കുന്നു. ചന്ദ്രൻ ഭൂമിയിൽ നിന്നും അപ്രകാരം തന്നെ. ഏതൊരു വസ്തുവിന്നും മറെറല്ലാ വസ്തുക്കളിൽ നിന്നും അകന്നുപോകുവാൻ സഹജമായ വാസനയുമുണ്ട്. സ്വാതന്ത്ര്യപ്രാപ്തിക്കുള്ള ഈ സംരംഭമാകുന്നു ജഗത്തിൽ കാണുന്നതിനെല്ലാം അടിസ്ഥാനമായിരിക്കുന്നതു്. ഈ വാസനാബലത്താൽ മഹാത്മാക്കൾ ഈശ്വരഭജനം ചെയ്യുന്നു, ഈ വാസനാബലത്താൽ തസ്കരന്മാർ തട്ടിപ്പറിക്കയും ചെയ്യുന്നു. സ്വീകൃതമായ മാർഗ്ഗം ഉചിതമായിരിക്കുന്നില്ല എങ്കിൽ നാം അതിനെ തിന്മ എന്നു പറയുന്നു; അതിന്റെ പ്രകാശനം ഉചിതവും ഉൽകൃഷ്ടവുമായിരിക്കുന്നു എങ്കിൽ അതിനെ നന്മ എന്നു പറയുന്നു.

രണ്ടിലും പ്രേരകശക്തി ഒന്നുതന്നെ, സ്വാതന്ത്ര്യത്തിനുള്ള പ്രയത്നം തന്നെ. ഒരു മഹാത്മാവു താൻ ബദ്ധാവസ്ഥയിൽ ഇരിക്കുന്നു എന്നറിഞ്ഞു് ദുഃഖപീഡിതനാകുന്നു, അതിൽ നിന്നു മോചനം ആഗ്രഹിക്കുന്നു, അതിനുവേണ്ടി ഈശ്വരഭജനം ചെയ്യുന്നു. ഒരു മോഷകൻ തനിക്കു ചില പദാർത്ഥങ്ങൾ ഇല്ലെന്നുള്ള ബോധത്താൽ ദുഃഖിതനാകുന്നു. ആ ഇല്ലായ്മയെ പരിഹരിച്ച് അതിൽനിന്നും മോചനം പ്രാപിപ്പാൻ മോഷ്ടിക്കയും ചെയ്യുന്നു. ഏതു വിധവും സ്വാതന്ത്ര്യം തന്നെയാകുന്നു ചേതനാചേതനാത്മകമായ സർവ്വപ്രകൃതിയുടേയും ഏകലക്ഷ്യം; ആ ലക്ഷ്യത്തിലേക്കാകുന്നു സർവ്വവസ്തുക്കളും അറിഞ്ഞോ അറിയാതെയൊ കഷ്ടപ്പെട്ടു ചെല്ലുന്നതും. എന്നാൽ ഒരു മഹാത്മാവ് നേടുന്ന സ്വാതന്ത്ര്യം തസ്കരൻ ആഗ്രഹിക്കുന്ന സ്വാതന്ത്ര്യത്തിൽ നിന്നു വളരെ വ്യത്യാസപ്പെട്ടതാകുന്നു. മഹാത്മാവിന്നു ലക്ഷ്യമായ സ്വാതന്ത്ര്യം അദ്ദേഹത്തെ അനന്തവും അവർണ്ണ്യവുമായ ആനന്ദാനുഭവത്തിലേക്കു നയിക്കുന്നു, തസ്കരാഭീപ്സിതമായ സ്വാതന്ത്ര്യമാവട്ടെ അയാളുടെ ജീവനു നവ നവങ്ങളായ ബന്ധങ്ങളെ നിർമ്മിക്കതന്നെ ചെയ്യുന്നു.

സ്വാതന്ത്ര്യലബ്ധിക്കുള്ള ഈ പ്രയത്നത്തിന്റെ പ്രകാശനം ഏതു മതത്തിലും കാണാവുന്നതാകുന്നു. അതാകുന്നു സർവ്വധർമ്മാചരണത്തിന്റെയും അടിസ്ഥാനം, നിസ്വാർത്ഥതയുടെ അസ്തിവാരം. ധർമ്മാചരണം, സ്വാർത്ഥരാഹിത്യം, എന്നുള്ളത് വാസ്തവത്തിൽ എന്താകുന്നു? അതു മനുഷ്യൻ ഈ മാംസപിണ്ഡമാകുന്നു എന്നുള്ള ഭാവനയുടെ പരിത്യാഗമാകുന്നു. ഒരാൾ ഒരു സൽകർമ്മം, ഒരു പരസഹായം, ചെയ്യുന്നതു കാണുമ്പോൾ അതിന്റെ അർത്ഥം ആയാളെ ഞാൻ എന്നും എന്റേതെന്നും ഉള്ള ചെ

റിയ പരിധിക്കുള്ളിൽ അടക്കി വെപ്പാൻ കഴികയില്ല എന്നാകുന്നു. സ്വാത്ഥത്തെ എത്രത്തോളം കടന്നുപോകാമെന്നുള്ളതിനുഅവധിയില്ല. ആത്യന്തികമായ സ്വാത്ഥരാഹിത്യമാകുന്ന ലക്ഷ്യമെന്നു ധമ്മദർശനങ്ങൾ എല്ലാം ഉപദേശിക്കുന്നു. ഈ ആത്യന്തിക സ്വാത്ഥരാഹിത്യം സമ്പാദിപ്പാൻ ഒരു മനുഷ്യനു കഴിവുണ്ടായി എന്നു വിചാരിക്കുക. എന്നാൽ അയാളുടെ സ്ഥിതിയെന്തായി? പിന്നെ അയാൾ അതിനുമുമ്പുണ്ടായിരുന്ന ചെറിയ മനുഷ്യനല്ല. അയാൾ അനന്തവികാസം പ്രാപിച്ചിരിക്കുന്നു. അയാൾക്കുണ്ടായിരുന്ന ചെറിയ വ്യക്തിഭാവം (പ്രത്യേക മനുഷ്യത്വം) തിരികെ വരാതവണ്ണം പൊയ്പോയിരിക്കുന്നു. അയാൾ അവധിയററവനായിരിക്കുന്നു. ഇങ്ങിനെയുള്ള അനന്തവികാസ പ്രാപ്തിയാകുന്നു സവ്വ മതങ്ങളുടേയും ധമ്മദർശനങ്ങളുടേയും തത്വോപദേശങ്ങളുടേയും ലക്ഷ്യമായിരിക്കുന്നതു്. എന്നാൽ ഈ ആശയം തത്വജ്ഞാനികളുടെ ഭാഷയിൽ പറഞ്ഞുകേൾക്കുമ്പോൾ വ്യക്തിവാദികൾ (ദേഹാഭിമാനികൾ) ഭയപ്പെടുന്നു. അവർതന്നെ സദാചാരം ഉപദേശിക്കുമ്പോൾ ഈ ആശയത്തെയാകുന്നു ഉപദേശിക്കുന്നതും. അവരും മനുഷ്യൻെറ നിസ്വാർത്ഥതക്കു് അവധി കല്പിക്കുന്നില്ല. വ്യക്തിവാദിമതപ്രകാരം ഒരാൾ കേവലം സ്വാത്ഥരഹിതനായി എന്നു വിചാരിക്കുക. അയാളെയും അന്യമതപ്രകാരമുള്ള കേവല നിസ്വാർത്ഥനെയും തമ്മിൽ എങ്ങിനെ വേർതിരിക്കും? തീരെ സ്വാത്ഥരഹിതനായ മനുഷ്യൻ ജഗത്തിനോടു് ഐക്യം പ്രാപിച്ചിരിക്കുന്നു, ഈ ഐക്യപ്രാപ്തിയാകുന്നു സവ്വമതക്കാരുടെയും ലക്ഷ്യം. എന്നാൽ പാവങ്ങളായ വ്യക്തിവാദികൾക്കു് അവരുടെ യുക്തിയെ തുടൎന്നു് അതിൻെറ പരിസമാപ്തിവരെ പോകുവാൻ ധൈൎയ്യമില്ലന്നെയുള്ളു. സർവ്വമനുഷ്യപ്രകൃതിയുടേയും ലക്ഷ്യമായിരിക്കുന്ന സ്വാതന്ത്ര്യം ഏതൊ, അതു നിഷ്കാമകമ്മത്താൽ സമ്പാദിക്കുന്നതാകുന്നു കമ്മയോഗം. അങ്ങിനെയിരിക്കേ സകാമകമ്മം ഓരോന്നും നമ്മുടെ ലക്ഷ്യപ്രാപ്തിക്കു തടസ്ഥമായി നിൽക്കുന്നു, നിഷ്കാമകമ്മം ഓരോന്നും നമ്മെ ലക്ഷ്യത്തിലേക്കു സമീപിപ്പിക്കയും ചെയ്യുന്നു. അതുകൊണ്ടാകുന്നു ധമ്മാചരണം എന്നുള്ളതിനു നിവ്വചനം ചെയ്യുമ്പോൾ, സ്വാത്ഥപരമായുള്ളതു് അധമ്മം, എന്നുമാത്രം നിർവ്വചിപ്പാൻശക്യമായിട്ടിരിക്കുന്നതു്.

എന്നാൽ സവിസ്തരമായി നോക്കുമ്പോൾ കാൎയ്യം അത്രവളരെഎളുപ്പമല്ലെന്നു കാണാം. പരിതഃസ്ഥിതികൾനിമിത്തം കാൎയ്യത്തിൻെറ പടപ്പുകളിൽ വ്യത്യാസം ഉണ്ടാകുമെന്നു പറഞ്ഞിട്ടുണ്ടല്ലൊ. ഒരേ കമ്മം ചില സംഗതികളിൽ നിഷ്കാമമായും മററു ചില സംഗതികളിൽ കേവലം സകാമമായും ഇരിക്കാം. അതുകൊണ്ടു് ഓരോ കാൎയ്യത്തി

ന്റെയും സവിസ്തരമായ നിരൂപണം അതാതിന്റെ കാലദേശാദിഭേദങ്ങൾക്കനുസരിച്ച് ചെയ്യേണ്ടതാകുന്നുവെന്നുവെച്ച് ഒരു സാമാന്യവിവരണം കൊടുപ്പാൻമാത്രമേ നമുക്ക് കഴിവുള്ളൂ. ഏതെങ്കിലും നടപടി ഒരു രാജ്യത്ത് ധർമ്മമായിരിക്കാം. അതുതന്നെ മറെറാരു രാജ്യത്ത് അവിടത്തെ സ്ഥിതിഭേദംനിമിത്തം അധർമ്മമായിരിക്കാം. സർവ്വ പ്രകൃതിയുടേയും പ്രാപ്യസ്ഥാനം സ്വാതന്ത്ര്യമാകുന്നു. സ്വാതന്ത്ര്യം പരമവൈരാഗ്യത്താൽ മാത്രം— കേവലം സ്വാർത്ഥരാഹിത്യത്താൽമാത്രം സാദ്ധ്യവുമാകുന്നു; സ്വാർത്ഥരഹിതമായുള്ള ഏതൊരു വിചാരവും വാക്കും പ്രവൃത്തിയും നമ്മെ പ്രാപ്യസ്ഥാനത്തേക്കു സമീപിപ്പിക്കുന്നു. അതുകൊണ്ട് അതു ധർമ്മ്യമെന്നും പറയപ്പെടുന്നു. ഏതു മതത്തെയോ ഏതു ധർമ്മദർശനത്തെയൊ അനുസരിച്ചു നോക്കുന്നതായാലും ഈ വിവരണം ശരിയാകുന്നു എന്നു കാണാം. ചില ദർശനങ്ങളിൽ ധർമ്മാചരണത്തിന്നു ഈശ്വരൻ എന്ന പുരുഷവിശേഷം മൂലമാകുന്നു: വിധിനിഷേധങ്ങൾക്കുള്ള യുക്തി എന്തെന്നു ചോദിക്കുന്നപക്ഷം അവർ അതു "ഈശ്വരകല്പന ആകുന്നു" എന്നു പറയും. അതിന്റെ ഉൽപത്തി എന്തുതന്നെയായിരുന്നാലും അവരുടെധർമ്മദർശനത്തിന്റെയും മൂലതത്വം സ്വാർത്ഥം മറക്കുക, സ്വാർത്ഥം ത്യജിക്കുക എന്നുതന്നെയാകുന്നു. ഈവിധം ഉച്ചമായ ധർമ്മബോധം ഉണ്ടായിരുന്നിട്ടും ചില ജനങ്ങൾ അവരുടെ പ്രത്യേക വ്യക്തിഭാവത്തെ പരിത്യജിപ്പാൻ ആലോചിക്കുമ്പോഴേക്കു ഭയപ്പെട്ടുപോകുന്നു. കേവലം സ്വാർത്ഥരഹിതനായിത്തീർന്നിട്ടുള്ള ഒരാളുടെ സ്ഥിതിയെപ്പററി എന്തു വിചാരിക്കുന്നു എന്നു അവരോടു ചോദിക്കുക; തന്നെപ്പററി യാതൊരു വിചാരവും ഇല്ലാതെയും, തനിക്കുവേണ്ടി ഒരു കാർയ്യവും ചെയ്യാതെയും ഒരു വാക്കുപോലും പറയാതെയും അത്രനിസ്വാർത്ഥനായ ഒരാളുടെ 'അഹംബുദ്ധി'എവിടെ എന്നുഅവർ പറയട്ടെ.തന്നെപ്പററി വിചാരിക്കയൊ തനിക്കുവേണ്ടി പ്രവർത്തിക്കയൊ സംസാരിക്കയോ ചെയ്യുന്ന കാലത്തോളം മാത്രമേ ഒരാൾക്കു 'അഹം' എന്ന ഭാവന ഉണ്ടായിരിക്കയുള്ളൂ. ഒരാൾക്ക് മററുള്ളവരെപ്പററിയും, ജഗത്തിനെപ്പററിയും സർവ്വത്തെപ്പററിയുംമാത്രംആകുന്ന ബോധം എന്നു വരുമ്പോൾ അയാളുടെ 'അഹം' എവിടെ? അതു തിരികെവരാത്തവണ്ണം നിശ്ശേഷം നശിച്ചിരിക്കുന്നു.

ഇങ്ങിനെ സ്വാർത്ഥരാഹിത്യവും സൽകർമ്മങ്ങളും വഴിയായി സ്വാതന്ത്ര്യസിദ്ധിക്കുപയുക്തമായ ഒരു ധർമ്മദർശനവും മതവും ആകുന്നു കർമ്മയോഗം. ഒരു കർമ്മയോഗി യാതൊരു മതത്തിലും വിശ്വസിക്കണമെന്നില്ല. ഈശ്വരനിലും വിശ്വസിക്കുന്നില്ലായിരിക്കാം, സ്വന്തം ആത്മാവു് എന്തെന്നു ചോദിക്കുന്നില്ലായിരിക്കാം. യാതൊരു തത്വചിന്തയും ചെയ്യുന്നതുമില്ലായിരിക്കാം. നിസ്വാർത്ഥ

തയെ അനുഭവപ്പെടുത്തുക എന്ന പ്രത്യേകലക്ഷ്യം അയാൾക്കുണ്ടു്. അതു സ്വപ്രയത്നത്താൽ അയാൾ അനുഭവപ്പെടുത്തുകയും വേണം. സ്വജീവിതത്തിൽ ഏതു നിമിഷത്തിലും അയാൾക്കു സാക്ഷാൽക്കാരമുണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ ഒരു ജ്ഞാനി തന്റെ വിചാരവും പ്രതിഭയും ഉപയോഗിച്ചും ഒരു ഭക്തൻ തന്റെ പ്രേമംകൊണ്ടും സാധിക്കുന്ന കാൎയ്യം തന്നെ ഒരു കൎമ്മയോഗി ശാസ്ത്രസിദ്ധാന്തങ്ങളുടേയോ മതങ്ങളുടേയോ സഹായം കൂടാതെ വെറും കൎമ്മംകൊണ്ടു് സാധിക്കേണ്ടതാകുന്നു.

ഈ കൎമ്മം എന്തു്? എന്നാകുന്നു ഇനിയത്തെ ചോദ്യം. ലോകത്തിന്നു നന്മ ചെയ്യുക എന്നു പറയുന്നതിന്റെ താല്പൎയ്യമെന്തു്? ലോകത്തിനു നന്മചെയ്വാൻ നമുക്കു കഴിവുണ്ടോ? നിരപേക്ഷമായി പറയുന്നതായാൽ ഉണ്ടു്. ലോകത്തിനു ശാശ്വതമൊ എന്നെന്നും നിലനിൽക്കുന്നതൊ ആയ നന്മചെയ്വാൻ കഴിവുള്ളതല്ല. അതു സാദ്ധ്യമായിരുന്നു എങ്കിൽ ലോകം ഈ ലോകമായിരിക്കയില്ല. ഒരാളുടെ വിശപ്പു് അഞ്ചു നിമിഷനേരത്തേക്കു മാററാം. അയാൾക്കു പിന്നെയും വിശപ്പുണ്ടാകും. ഒരാൾക്കു നൾകാവുന്ന സുഖാനുഭവം ഏതൊന്നും ക്ഷണികമാകുന്നു എന്നുകാണാം. ഈ നിത്യബാധയായ സുഖദുഃഖജ്വരത്തെ നിശ്ശേഷം ശമിപ്പിപ്പാൻ ആൎക്കും കഴിവില്ല. ഈ ലോകത്തിന്നു സ്ഥിരമായ വല്ലസുഖവും ഉണ്ടാക്കികൊടുപ്പാൻ കഴിവുള്ളതാണൊ? സമുദ്രജലത്തിൽ ഒരിടത്തുതിരപൊന്തിപ്പാൻ മററൊരിടത്തു താഴ്ചയുണ്ടാകാതെ നിൎവ്വാഹമില്ല. മനുഷ്യന്റെ ആവശ്യങ്ങളേയും ആഗ്രഹങ്ങളേയും അപേക്ഷിച്ചു നോക്കുമ്പോൾ ലോകത്തിലെ സുഖസാധനങ്ങൾ ഏതുകാലത്തും ഒരെനിലയിലിരുന്നിട്ടുണ്ടു്. അതിനെ വൎദ്ധിപ്പിപ്പാനൊ ക്ഷയിപ്പിപ്പാനൊ കഴിവില്ല. ഇന്നു നമുക്കറിവുള്ള മനുഷ്യചരിത്രം നോക്കുക. ഏതുകാലത്തും ഒരെ കഷ്ടപ്പാടുകളും ഒരെ ആനന്ദങ്ങളും ഒരെ സുഖങ്ങളും ഒരെ ദുഃഖങ്ങളും ഒരെ സ്ഥിതിവ്യത്യാസങ്ങളും നാം കാണുന്നില്ലേ? ചിലർ ധനികന്മാർ, ചിലർ ദരിദ്രന്മാർ, ചിലർ ഉയൎന്നവർ, ചിലർ താഴ്ന്നവർ, ചിലർ അരോഗികൾ, ചിലർ രോഗികൾ ഇതല്ലയൊ കാണുന്നതു്. ഇതെല്ലാം പുരാതന കാലത്തു് ഈജിപ്തുകാരുടേയും റോമാക്കാരുടേയും ഗ്രീക്കുകാരുടേയും ഇടയിൽ എങ്ങിനെയായിരുന്നുവൊ അങ്ങിനെ തന്നെ ഇന്നു അമേരിക്കരുടെ ഇടയിലും, ഇരിക്കുന്നു. ചരിത്രം അറിയുന്നിടത്തോളം എന്നും ഈ സ്ഥിതിതന്നെ; എന്നാൽ സുഖ ദുഃഖങ്ങളുടെ തീരാവ്യത്യാസത്തോടൊന്നിച്ചു് അവയുടെ നിവാരണത്തിനുള്ള പരിശ്രമവും ഏതുകാലത്തും ഉണ്ടായിരുന്നിട്ടുണ്ടു്. അന്യന്മാൎക്കു ജീവിതപന്ഥാവിനെ സുഗമമാക്കുവാൻ അത്ര പ്രയത്നം ചെയ്തിട്ടുള്ള അനേകായിരം സ്ത്രീപുരുഷന്മാർ ഏ

ത്തുചരിത്രകാലത്തും ആവിർഭവിച്ചിട്ടുണ്ട്. എന്നാൽ അവർ എത്രമാത്രം ജയം നേടിയിട്ടുണ്ട്?. പന്തിനെ ഒരിടത്തുനിന്നടിച്ച് മററൊരിടത്തേക്കാക്കി കളിപ്പാൻ മാത്രമെ നമുക്കുകഴിവുള്ളു. ദുഃഖത്തെ ദേഹസ്ഥാനത്തുനിന്നു നാം എടുത്തുകളയുന്നു; അതു മനഃസ്ഥാനത്തേക്കു നീങ്ങിപ്പോകുന്നു. അതു ദാന്തി (Dante) കവിയുടെ നരകവർണ്ണനയിലെ ലുബ്ധന്മാരുടെ സ്ഥിതിപോലെയാകുന്നു. അവരുടെവശം ഒരു വലിയ സ്വർണ്ണപിണ്ഡം കൊടുത്തിരിക്കുന്നു. അതു് ഒരു കുന്നിന്മുകളിലേക്കു ഉരുട്ടിക്കൊണ്ടു പോകേണ്ടതുമാകുന്നു. അവർ അതിനെ ഉരുട്ടി സ്വല്പം മേല്പോട്ടു് കയററുമ്പോഴേക്കു അതു താഴത്തേക്കു ഉരുണ്ടുചാടും. ദുഃഖലേശമില്ലാതെ പൂർണ്ണസുഖമായ കാലം ഉണ്ടാകും എന്നു പറയുന്നതു് കുട്ടികൾക്കുള്ള കഥയുടെ നിലയിൽ സരസമായിരിക്കാം; അതിന്നു് അത്രയെവിലയുള്ളു. എന്നാൽ കേവലസുഖകാലത്തെപ്പററി സ്വപ്നം കാണുന്ന രാജ്യക്കാർ എല്ലാവരും ആ കാലത്ത് അവരവൎക്കു മാത്രമായിരിക്കും ഉത്തമ സൌഖ്യമെന്നും വിചാരിക്കുന്നുണ്ടു്. ഇതാകുന്നു കേവലസുഖകാലത്തെപ്പററിയുള്ള ആശ്ചര്യകരമായ നിസ്വാർത്ഥഭാവന:

ലോകത്തിൽ സുഖം വർദ്ധിപ്പിപ്പാൻ നമുക്കു കഴിവില്ല, ദുഃഖം വർദ്ധിപ്പിപ്പാനും നമുക്കു കഴിവില്ല. ലോകത്തിൽ പ്രകാശിക്കുന്ന സുഖദുഃഖശക്തികളുടെ ആകത്തുക സർവ്വകാലത്തും സമമായിരിക്കും. നാം അതിനെ ഈ വശത്തുനിന്നും ആ വശത്തേക്കും ആവശത്തുനിന്നും ഈവശത്തേക്കും അല്പം ഉന്തിനോക്കുന്നു. എന്നാൽ അതിൻെറ ആകത്തുകക്കു മാററമില്ല. മാറാതെ സ്ഥിരമായ് നിൽക്കുന്നത് അതിൻെറ പ്രകൃതിയാകുന്നു. ഈ കയററവും ഇറക്കവും—ഈ ഉയൎച്ചയും താഴ്ചയും ലോകസ്വഭാത്തിൽതന്നെയുള്ളതാകുന്നു. അങ്ങിനെയല്ലാതെ വരാം എന്നു പറയുന്നത് മരണമില്ലാതെ ജീവിതമുണ്ടാകാമെന്നു പറയുന്നതുപോലെയാകുന്നു. ഇതു യുക്തിയുക്തമാകുന്നു എങ്കിൽ അത്രമാത്രം അതും യുക്തിയുക്തമാകുന്നു. എന്നാൽ ഇതു തീരെ വിഡ്ഢിത്തമാകുന്നു, എന്തുകൊണ്ടെന്നാൽ ജീവിതം എന്നുള്ള ഭാവത്തിൽ തന്നെ മരണം അന്തർഭവിച്ചിട്ടുണ്ടു്; സുഖഭാവത്തിൽ ദുഃഖവും അന്തർഭവിച്ചിട്ടുണ്ടു്. നിങ്ങൾക്കു ജീവിതം ആവശ്യമുണ്ടെങ്കിൽ അതിനുവേണ്ടി നിങ്ങൾ ഓരൊ നിമിഷവും മരിക്കേണ്ടിയിരിക്കുന്നു. ജീവിതവും മരണവും ഒരെ വസ്തുവിൻെറ ഭിന്നപ്രകാശങ്ങളാം, ഭിന്നസ്ഥാനങ്ങളിൽ നിന്നും നോക്കിക്കാണപ്പെടുന്നവയാകുന്നു. അവ രണ്ടും ഒരെ തരംഗത്തിൻെറ ഉയൎച്ചയും താഴ്ചയും ആകുന്നു. അതു രണ്ടുംകൂടിയാകുന്നു ഒരു പൂർണ്ണവസ്തുവാകുന്നതു്. ഒരാൾ 'താഴ്ച' യുടെ ഭാഗം നോക്കുന്നു, അയാൾ ദുഃഖദൃക്കാകുന്നു; മറെറാരാൾ

ഉയച്ച്യുടെ ഭാഗം നോക്കുന്നു, അയാൾ സുഖദൃക്കാകുന്നു. ഒരുബാലൻ വിദ്യാലയത്തിലേക്കു പോകുന്നു. അവൻെറ അമ്മയച്ഛന്മാർ അവനു വേണ്ടതെല്ലാം അന്വേഷിക്കുന്നു. അവനു സർവ്വവും ആനന്ദമയമായി തോന്നുന്നു. അവനു ആവശ്യങ്ങൾ കുറച്ചുമാത്രമേ ഉള്ളു, അവൻ സുഖദൃക്കാകുന്നു. എന്നാൽ ഒരു വൃദ്ധനാകട്ടെ വിവിധാനുഭവങ്ങൾ നിമിത്തം കുറേക്കൂടെ ശാന്തനാകുന്നു, അയാളുടെ ഉത്സാഹവും പ്രസരിപ്പും തീർച്ചയായും വളരെ തണുത്തുപോകുന്നു. അതുപോലെ പഴയ വർഗ്ഗക്കാർ അവൎക്കുചുററും ക്ഷയത്തിൻെറ അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടിരിക്കേ, പുതിയവൎഗ്ഗക്കാരേക്കാൾ ആശ കുറഞ്ഞവരാകുന്നു. ആയിരം കൊല്ലംകൊണ്ടൊരു നാട്ട് ആയിരംകൊല്ലംകൊണ്ടു ഒരു കാട്ട് എന്ന ഒരു പഴഞ്ചൊല്ല് ഇന്ത്യയിൽ നടപ്പുണ്ട്. ഈ മാററം നാട്ട്കാടാവുന്നതും കാട്ട് നാടാവുന്നതും എവിടെയും നടന്നുകൊണ്ടിരിക്കുന്നു. അതിൽ ഏതുഭാഗം നോക്കിക്കാണുന്നുവോ അതിനനുസരിച്ച് ജനങ്ങൾ സുഖദൃഷ്ടികളോ ദുഃഖദൃഷ്ടികളോ ആയി തീരുകയും ചെയ്യുന്നു.

---

# ശ്രീശാരദാനന്ദ സ്മരണകൾ.

ജനനം—൧൮൬൫—ധനുമാസം ശുക്ലഷഷ്ഠി.

അച്ഛൻ—ഗിരിശ്ചന്ദ്രചക്രവൎത്തി.

അമ്മ—നീലമണിദേവി.

ജന്മസ്ഥാനം—കൽക്കട്ടാ—ഹാരിസൺറോഡും ആമേഹൎഷ്ട് സ്ട്രീററും സന്ധിക്കുന്ന സ്ഥലം.

പഠിച്ച വിദ്യാലയങ്ങൾ—ആൽബൎട്ട്സ്ക്കൂൾ, സെൻറ് സേവിയർ കാളേജ്, മെഡിക്കൽകാളേജ്.

ക്രിസ്താബ്ദം ൧൮൮൬—ൽ കാശീപുരോദ്യാനത്തിൽ ശ്രീരാമകൃഷ്ണദേവൻെറ ഏകനിഷ്ഠസേവകനായി.

൧൮൮൬—മുതൽ ൧൮൯൫ വരെ പരിവ്രാജകസന്ന്യാസി. കഠോരതപസ്വി.

൧൮൯൬—അമേരിക്കയിൽ മതപ്രചാരകൻ.

൧൮൯൮ മുതൽ ൧൯൨൭ വരെ ശ്രീരാമകൃഷ്ണമിഷൻസെക്രട്ടറി.

൧൯൨൭ ആഗസ്റ്റ് ൧൮-ാംതീയതി രാത്രി ൨ൾ മണിയ്ക്ക് മഹാസമാധി.

ക്രിസ്ത്വാബ്ദം ൧൯൨൨—ൽ ദുർഗ്ഗാപൂജകാലത്തു് കാശിയിൽ പോകണമെന്നുദ്ദേശിച്ചു് ഞാൻ കൽക്കട്ടായിലെത്തി. ജ്ഞാ-മഹാശയൻ എൻെറകൂടെ വരണമെന്നു നിശ്ചയിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിനു് അസുഖമായതിനാൽ കാശിയാത്ര മുടങ്ങി. ഞാൻ കൽക്കട്ടായിൽത്തന്നെ താമസിച്ചു.

സുബോധാനന്ദസ്വാമിയുടെ അനുഗ്രഹത്താൽ പൂജനീയനായ തുരീയാനന്ദസ്വാമിയുമായി കത്തുമൂലം ഞാൻ പരിചയപ്പെട്ടിരുന്നു. ൧൯൨൨-ൽ തുരീയാനന്ദസ്വാമി മഹാസമാധി പ്രാപിച്ചു. അദ്ദേഹത്തെ ആദ്യമായി ദർശിക്കാനുള്ള ഭാഗ്യം എനിക്കു് ൧൯൧൧ ഫെബ്രുവരി ൫-ാം തീയതി ഉണ്ടായി. ഈ ദിവസം ബേലൂർ മഠത്തിൽ വച്ചു് വിവേകാനന്ദ സമിതിയുടെ ഒരു യോഗംകൂടി. ആ സഭയിൽ അദ്വൈത-വിശിഷ്ടാദ്വൈത-ദ്വൈത വാദങ്ങളെ സംബന്ധിച്ചു് അനേകം ഉപന്യാസങ്ങൾ വായിക്കപ്പെട്ടു അവയെല്ലാം നീരസമായിതോന്നി. ദിവസം വൃഥാ പോയല്ലോ എന്നു വിചാരിച്ചുകൊണ്ടിരുന്നപ്പോൾ ഒരു സന്ന്യാസി എണീററു് അല്പം സംസാരിച്ചു. അത്ഭുതം, വിദ്യയുടെആഡംബരമില്ല. ഭാഷയ്ക്കു് അത്ര ലാളിത്യവുമില്ല, എന്നാൽ പറഞ്ഞതെല്ലാം മർമ്മസ്പൃക്കായിരുന്നു. അദ്ദേഹത്തിൻെറ ആകൃതിയിലും വലിയ വിശേഷതയൊന്നും ഞാൻ കണ്ടില്ല. മാത്രമല്ല, കുറെ ദിവസങ്ങൾക്കു മുമ്പു് മഠത്തിലെ ഒരു ബാലസന്ന്യാസിയുടെ അപൂർവ്വവും സുന്ദരവുമായ മുഖകാന്തിയും ഉപനിഷൽ പാരായണവും എൻെറ മനസ്സിനെ ആകർഷിച്ചിരുന്നു. ഏതായാലും ഈ സന്ന്യാസിപ്രവരൻ നാലഞ്ചുവാക്കിൽ വാദത്രയങ്ങളുടെ ദാർശനിക വിചാരത്തെ ഉപസംഹരിച്ചു. അദ്ദേഹത്തിൻെറ വാക്കിൽ നിന്നും വിശിഷ്ടാദ്വൈതം-ദ്വൈതാദ്വൈതങ്ങളുടെ മദ്ധ്യസ്ഥാനത്തിരിക്കുന്നുവെന്നു് മനസ്സിലായി. ബ്രഹ്മവും ജീവനും ഭിന്നമല്ല-എന്നാൽ ഭിന്നവുമാണു്—വൃക്ഷവും ശാഖയുംപോലെ-ശാഖ വൃക്ഷത്തിൽനിന്നും ഭിന്നമല്ല, എന്നാൽ ശാഖയെ വൃക്ഷമെന്നു പറയാൻ പാടില്ല. അദ്ദേഹം സംക്ഷേപമായി ഇപ്രകാരം പറഞ്ഞു. "ഇവയ്ക്കു്-ഈ മതങ്ങൾ തമ്മിൽ ഒരു വ്യത്യാസവുമില്ല. സകല മതാവലംബികളും ഉപാസനയേ പ്രധാനമായി ഗണിക്കുന്നു. വിവാദങ്ങളെ വിസ്മരിക്കുക! ഈശ്വരസന്നിധി പ്രാപിക്കുക! ഈശ്വരനെ മാതാവെന്നു വിളിക്കുക, പിതാവെന്നു

വിളിച്ചാൽ കഠോരഭാവം വന്നുചേരും, മാതാവെന്നു വിളിച്ചാൽ അത്യന്തം കോമളമായിത്തീരും. സങ്കോചവും സംശയവും നിശ്ശേഷം നീങ്ങും. മഹാസമന്വയാചാര്യനായ രാമകൃഷ്ണപരമഹംസദേവൻ ഇപ്രകാരമാണു് ഉപദേശിക്കുന്നതു്. ഓം ശാന്തി: ശാന്തി: ശാന്തി:

വളരെനാൾ കഴിഞ്ഞപ്പോൾ ഈ സന്യാസി രാമകൃഷ്ണമിഷണിലെ തുരീയാനന്ദസ്വാമിയാണെന്നു് ഞാൻ അറിഞ്ഞു. ൧൯൧൫-ൽ കുംഭമേളകാണാൻ എനിക്കു് അതിയായ ആഗ്രഹം ജനിച്ചു. അപ്പോൾ തുരീയാനന്ദസ്വാമി ഹരിദ്വാരത്തിൽ താമസിച്ചിരുന്നു. അദ്ദേഹത്തെ ദർശിക്കാമെന്നു ഞാൻ വിചാരിച്ചു. എഴുത്തുമുഖേന ചോദിച്ചപ്പോൾ കുംഭമേളസമയത്തു് അദ്ദേഹം അവിടെ ഉണ്ടായിരിക്കയില്ലെന്നു് അറിയിച്ചു. എന്നാൽ കുംഭമേള കാണാൻ പോകണമെന്നു് എന്നെ ഉത്സാഹിപ്പിക്കയും ചെയ്തു. കുറേ വർഷങ്ങൾ കഴിഞ്ഞു് ദുർഗ്ഗാപൂജസമയം ബലരാമമന്ദിരത്തിൽ വച്ചു് തുരീയാനന്ദസ്വാമിയേ ദർശിച്ചു. അപ്പോൾ അദ്ദേഹം അസ്വസ്ഥൻ, അദ്ദേഹത്തോടുകൂടി കുറേക്കാലം താമസിക്കണമെന്നുള്ള എൻെറ ആഗ്രഹത്തേ ഉണർത്തിച്ചപ്പോൾ "ബേലൂർ മഠത്തിലോ കാശിയിലോ ഞാൻ പോകുമ്പോൾ ആകാം" എന്നു പറഞ്ഞു.

പിന്നീടു് ഒരു ഗ്രീഷ്മകാലത്തെഒഴിവിൽ കാശിയിൽ പോകാൻ സൌകര്യം കിട്ടി. രാമകൃഷ്ണസേവാശ്രമത്തിൽ ചെന്നു് അദ്ദേഹത്തേ ദർശിച്ചു. അദ്ദേഹം ഏകാന്തത്തിൽ എന്നേ വിളിച്ചു് എന്തു സാധന ചെയ്യുന്നു എന്നു് ചോദിച്ചു. പ്രാണായാമം ചെയ്യരുതെന്നു നിഷേധിച്ചിട്ടു് ഇങ്ങിനെ പറഞ്ഞു. "പലപ്പൊഴും പ്രാണായാമാദികൾ ചെയ്തു് ആളുകൾക്കു് ഭ്രാന്തുപിടിക്കുന്നു. നിങ്ങൾ ബ്രഹ്മചാരിയായതുകൊണ്ടു് സ്വസ്ഥനായിരിക്കുന്നു." അദ്ദേഹത്തിൻെറ സ്നേഹപൂർണ്ണമുള്ള പെരുമാററത്താൽ ഞാൻ അത്യന്തം ആകൃഷ്ടനായി. എന്നാൽ നിർഭാഗ്യവശാൽ അദ്ദേഹത്തിൻെറ അടുക്കൽ നിന്നു് വല്ല വിശിഷ്ടസാധനയും ചോദിച്ചു് മനസ്സിലാക്കാൻ ഞാൻ വിസ്മരിച്ചു. നിർബ്ബന്ധിച്ചാൽ അദ്ദേഹം ഉപദേശം നൽകുമായിരുന്നുവെന്നു എനിക്കു തോന്നുന്നു. സ്വല്പദിവസം താമസിച്ചു ഞാൻ മടങ്ങി. നാലഞ്ചുമാസം കഴിഞ്ഞു് അഞ്ചാറുമാസത്തേ അവധി എടുത്തു് വീണ്ടും ഞാൻ കാശിയ്ക്കുപോയി. ഈ പ്രാവശ്യം അനേകം ഉപദേശങ്ങൾ കേട്ടതുകൂടാതെ അദ്ദേഹത്തിൻെറ അടുക്കൽ നിന്നു് ഗീത മുഴുവൻ പഠിക്കാൻ സൌകര്യവും ലഭിച്ചു. എന്നാൽ, എൻെറ നിർഭാഗ്യം കൊണ്ടു് രണ്ടുമാസം കഴിഞ്ഞപ്പോൾ ഞാൻ രോഗബാധിതനായി. കൂടാതെ എൻെറ, കാശിയിലെ ആശ്രയദാതാവു് മരിക്കയും ചെയ്തു. പൂജനീയനായ തുരീയാനന്ദ

സ്വാമിയുടെ ദിവ്യസംസർഗ്ഗത്തിൽ നിന്നു് വിച്യുതനാകേണ്ടതായും വന്നു. തിരിച്ചുവന്നു് അദ്ദേഹവുമായി അനേകം എഴുത്തുകുത്തുകൾ നടത്തി. അദ്ദേഹത്തിൻെറ അടുക്കൽ നിന്നും മന്ത്രോപദേശം ലഭിക്കണമെന്നുള്ള എൻെറ ആഗ്രഹവും എഴുത്തുമുഖേന അറിയിച്ചു. അദ്ദേഹം ആക്കും മന്ത്രോപദേശം ചെയ്തിട്ടില്ലെന്നും ചെയ്കയില്ലെന്നും എനിക്കു് മറുപടി അയച്ചു. അതോടുകൂടി ഇപ്രകാരവും എഴുതി. "നിങ്ങൾ ഇപ്പോൾ എപ്രകാരം നടത്തുന്നുവോ അതുപോലെ നടക്കട്ടെ. യഥാകാലം ഭഗവാൻ സകലതും ചെയ്തുതരും." അതുകൊണ്ടു് മന്ത്രോപദേശത്തിനായി ഞാൻ വ്യാകുലനാകേണ്ടതില്ലെന്നു മനസ്സിലായിട്ടു് ഞാൻ നിശ്ചിന്തനായി.

വീണ്ടും ഒരു വർഷം കഴിഞ്ഞു് ......മഹാശയനോടുകൂടി ഞാൻ കാശിയിൽ ചെന്നു് ഏകദേശം ൧൫ മാസം സേവാശ്രമത്തിൽ തുരീയാനന്ദസ്വാമിയുടെ മുറിക്കടുത്തു ഒരു മുറിയിൽ താമസിച്ചു. എൻെറ ഭാഗ്യദോഷത്താൽ സ്വാമിയുടെ ശരീരം തുലോം അസ്വസ്ഥമായിരുന്നു. ആ പ്രാവശ്യം ചൂടും അത്യധികമായിരുന്നു. ഇടയ്ക്കിടയ്ക്കു് അദ്ദേഹത്തിൻെറ സംഭാഷണം ശ്രവിച്ചെങ്കിലും വിശേഷിച്ചൊന്നും അറിവാൻ സാധിച്ചില്ല.

അടുത്തവർഷം വേനൽ ഒഴിവിനു് കാശിയിൽ പോകണമെന്നു വിചാരിച്ചു് യാത്രതിരിച്ചു. എങ്കിലും പോകുകയുണ്ടായില്ല. ആ തവണ തുരീയാനന്ദസ്വാമി ദേഹത്യാഗം ചെയ്തു. വർത്തമാനം അറിഞ്ഞപ്പോൾ ഞാൻ അത്യന്തം ഭാഗ്യഹീനൻതന്നെ എന്നു വിചാരിച്ചു.

ശ്രീമൽ ബ്രഹ്മാനന്ദസ്വാമിയും മഹാസമാധി പ്രാപിച്ചിരുന്നു. മാതൃദേവിയും തുരീയാനന്ദസ്വാമിയും ദേഹത്യാഗം ചെയ്തുകഴിഞ്ഞു. ദുർഗ്ഗാപൂജ അടുത്തായിരുന്നു......മഹാശയൻ എന്നോടു് പറഞ്ഞു "ഇപ്പോൾ തുരീയാനന്ദസ്വാമി ഇല്ലല്ലൊ. ശാരദാനന്ദസ്വാമികൾ കൽക്കട്ടായിൽ ഉണ്ടു്. അദ്ദേഹം മഹാപുരുഷനാണു്. അദ്ദേഹവുമായി പരിചയപ്പെടുന്നതു നല്ലതാണു്." അതിന്മണ്ണം......മഹാശയൻ ഒരു ദിവസം എന്നെ പരിചയപ്പെടുത്തി. ഒന്നുരണ്ടു ദിവസം കഴിഞ്ഞു് ഏകാന്തമായിട്ടു് ഇരിക്കുമ്പോൾ ഞാൻ നടത്തിവരാറുള്ള അനുഷ്ഠാനത്തെപ്പററി അദ്ദേഹത്തോടു പറഞ്ഞു. സ്വല്പം ഉപദേശിച്ചു് അടുത്തൊരു ദിവസം കാണണമെന്നു പറഞ്ഞു. ഇതിനിടയ്ക്കു് ഒരു സന്യാസി പറഞ്ഞു, "നിങ്ങൾ സ്വാമിയുടെ അടുക്കൽ നിന്നും മന്ത്രോപദേശം സ്വീകരിക്കുക; വെറും ഉപദേശം കേട്ടതുകൊണ്ടു് സാധനയ്ക്കു് വലിയ പ്രയോജനമൊന്നുമില്ല". അപ്പോൾ മന്ത്രോപദേശത്തിനുള്ള ആഗ്രഹം എനിക്കു തീരെ ഇല്ലായിരുന്നു. ഞാൻ തുരീയാനന്ദസ്വാമിയുടെ വാ

ക്കു വിശ്വസിച്ചു നടക്കുകയായിരുന്നു. ഏതായാലും ശാരദാനന്ദ സ്വാമിയോടു പറഞ്ഞു "മന്ത്രോപദേശം സ്വീകരിക്കുന്നതു എനിക്കു നല്ലതാണെന്നു് അവിടുന്നു വിചാരിക്കുന്നപക്ഷം എനിക്കു മന്ത്രോപദേശം നൽകണം." സ്വാമി പറഞ്ഞു, "ഞാനും അതിനെക്കുറിച്ചാലോചിക്കുകയായിരുന്നു, നിങ്ങൾക്കു് മന്ത്രോപദേശം നൽകാം". ആദ്യത്തേദിവസം സംഭാഷണം കഴിഞ്ഞു് മററൊരു നിർദ്ദിഷ്ടദിവസം 'ഞാൻ ഉദ്ബോധൻ'ആഫീസ്മുറിയിലിരിക്കുമ്പോൾ സ്വാമി അറിഞ്ഞു് അല്പം കഴിഞ്ഞു് (൧൧ മണിസമയം) താഴെ ഇറങ്ങിവന്നു. ഒരു ബെഞ്ചിൽ ഇരുന്നു് അദ്ദേഹത്തിന്റെ പാർശ്വത്തിൽ ഇരിക്കുവാൻ എന്നോടാജ്ഞാപിച്ചു. ഞാൻ മടിച്ചെങ്കിലും ഒരുവിധം ഇരുന്നു് ഞാൻ ചെയ്യുന്നതെല്ലാം ഉണർത്തിച്ചു. ശ്രീവിവേകാനന്ദസ്വാമിജിയേ ധ്യാനിക്കുന്നുവെന്നും ധ്യാനം ഉറയ്ക്കുന്നതിനു് സ്വല്പം മുമ്പു് ശ്വാസകഷ്ടമുണ്ടാകുന്നുവെന്നും മററും പറഞ്ഞുകേൾപ്പിച്ചു. (ഇതെല്ലാം തുരീയാനന്ദസ്വാമിയേയും അറിയിച്ചിട്ടുണ്ടായിരുന്നു.) ശാരദാനന്ദസ്വാമി പറഞ്ഞു. "നിങ്ങളുടെ ശരീരം അത്ര ശക്തിയുള്ളതല്ല, അതുകൊണ്ടാണു് ഇപ്രകാരം ഉണ്ടാകുന്നതു്. എന്നാൽ ഇതു് നിലനിൽക്കുകയില്ല." പിന്നീടു് ശ്രീരാമകൃഷ്ണദേവനേ ധ്യാനിക്കുവാൻ ആജ്ഞാപിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു, "ശ്രീരാമകൃഷ്ണദേവന്റെ ഉള്ളിൽ സർവ്വഭാവങ്ങളുമുണ്ടു്. അദ്ദേഹം വിവേകാനന്ദസ്വാമിയുടെയും ഗുരുവാണല്ലോ. സഹസ്രാരത്തിൽ ഭഗവാനേ നടുവിൽ ഇരുത്തി അദ്ദേഹത്തിന്റെ ശിഷ്യന്മാരേ നാലുവശവും വച്ചു് ധ്യാനിക്കുക!" അടുത്ത ദിവസവും നിർദ്ദിഷ്ടസമയത്തു ഞാൻ ചെന്നു. സമയാഭാവത്താൽ ഉദ്ബോധൻ ആഫീസിൽ ഏണിപ്പടിയുടെ താഴെ നിന്നുകൊണ്ടു് ഇപ്രകാരം പറഞ്ഞു. "നവരാത്രിയാണെല്ലോ. ഈ ദിവസങ്ങളിൽ ദുർഗ്ഗാനാമംനിഷ്ഠയോടുകൂടി ജപിക്കുക! അപ്പോൾ മനസ്സിലാകുന്നതെല്ലാം എന്നേ അറിയിക്കുക!" പിന്നീടു് ഒരു ദിവസം ഞാൻ മന്ത്രോപദേശത്തിനായി പ്രാർത്ഥിച്ചു. ൧൯൨൨ അക്ടോബർ ൫-ാംനു- ലക്ഷ്മീപൂർണ്ണിമദിവസം എനിക്കു മന്ത്രോപദേശം നൽകി. എന്തുചെയ്യുന്നു എന്നു് അപ്പോൾ എനിക്കു മനസ്സിലായില്ല. മന്ത്രോപദേശത്തിന്റെ പ്രക്രിയകളും മന്ത്രങ്ങളും അത്യുദാരവും, ഗാംഭീര്യപൂർണ്ണവുമായിരുന്നു. മാത്രമല്ല ശ്രീരാമകൃഷ്ണദേവനേപ്പററി വളരെനാളായി ചിന്തിക്കുന്നു. അദ്ദേഹത്തിന്റെ സന്താനങ്ങളിലൊരാൾ എന്റെ ഗുരുവായി തീർന്നതും പ്രാർത്ഥിതഭാവത്തിൽ ഉപദേശം തന്നതുമാലോചിച്ചു് എനിക്കു് അതിരററ ആനന്ദമുണ്ടായി. (തുടരും.)

# രാങ്കായും വാങ്കായും.

പണ്ഡരപുരമെന്ന ഗ്രാമത്തിൽ ആയിരുന്നു രാങ്കാ പാർത്തിരുന്നതു്. അവൻ അതി ദരിദ്രനും വിദ്യാവിഹീനനും നീചജാതിയിൽ ജനിച്ചവനുമായിരുന്നതുകൊണ്ടു് സാധാരണ ജനങ്ങളുടെ ദൃഷ്ടിയിൽ നികൃഷ്ടനാണെങ്കിലും തന്റെ തീവ്രമായ വൈരാഗ്യത്തിന്റേയും ഭക്തിയുടേയും മഹിമാതിരേകത്താൽ ഭഗവാന്റെ കൃപാലാഭത്തിൽ അവൻ വഞ്ചിതനായിരുന്നില്ല. വാങ്കാ അവന്റെ പത്നിയായിരുന്നു. അവൾ പരമസ്വാദ്ധ്വിയും ഒരു ഉത്തമ ഭക്തയുമായിരുന്നു. വൈരാഗ്യബുദ്ധി രാങ്കായേക്കാൾ ആ പുണ്യവതിയിൽ അധികമായി കാണപ്പെട്ടു. ഈ ദമ്പതികൾ ദാരിദ്ര്യപീഡിതരായിരുന്നെങ്കിലും ആരോടും ഭിക്ഷവാങ്ങിച്ചിരുന്നില്ല. കാട്ടിൽനിന്നും ഉണങ്ങിയ വിറകുകൾ ശേഖരിച്ചു് ബസ്സാറിൽ കൊണ്ടുപോയി വിററുകിട്ടുന്ന വകകൊണ്ടു് ഉപജീവനം കഴിച്ചുവന്നു. ഗൃഹകൃത്യങ്ങൾ കഴിഞ്ഞു് ഉള്ള സമയം മററു കാര്യങ്ങൾകൊണ്ടു കഴിക്കാതെ രണ്ടാളും ഭക്തിപൂർവ്വം ഈശ്വരാരാധന ചെയ്തുവന്നു.

ആ ഗ്രാമത്തിൽ നാമദേവനെന്നുപേരായി ഒരു മഹാപുരുഷൻ വസിച്ചിരുന്നു. പരമഭക്തരായ ആ ദമ്പതികളുടെ ദുർദ്ദശകണ്ടിട്ടു് അദ്ദേഹത്തിന്റെ മനസ്സിൽ അതിയായ കരുണ ഉദിച്ചു. ഒരു ദിവസം അദ്ദേഹം സമാധി സമയത്തു് അവരുടെ ദുഃഖമോചനത്തിനു വേണ്ടി ഭക്തിപരവശനായി പ്രാർത്ഥിച്ചു: ഭക്തന്മാർ ഇങ്ങനെ ദുഃഖംകൊണ്ടു സമയം കഴിക്കുന്നതു് അദ്ദേഹത്തിനു് സഹിക്കാമായിരുന്നില്ല. ഭഗവാൻ ദേവവാണിയിൽ പറഞ്ഞു, "നാമദേവ! ഇതിനെന്താണു് ചെയ്യേണ്ടതു്? രാങ്കായും വാങ്കായും എന്തൊരു വൈരാഗ്യമാണു് അഭ്യസിക്കുന്നതു്. അവർ ഒരു വിധത്തിലും അധികം ധനം സ്വീകരിക്കുവാനാഗ്രഹിക്കുകയില്ല. ഇതിന്റെ വാസ്തവം അറിയണമെങ്കിൽ അടുത്ത ദിവസം തന്നെ അതു നിന്നെക്കാണിക്കാം". പിറെറദിവസം രാവിലെ ആ ദമ്പതികൾ വിറകിനായി വനത്തിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ ഭഗവാന്റെ ആജ്ഞയനുസരിച്ചു നാമദേവൻ വനത്തിൽ പ്രവേശിച്ചു. ഭഗവാൻ നാമദേവൻ കാൺകെ വഴിമദ്ധ്യേ കുറെ സ്വർണ്ണനാണയങ്ങൾ വച്ചുകൊടുത്തു രാങ്കാമുമ്പിൽ നടക്കുകയായിരുന്നു. അവൻ സ്വർണ്ണനാണയങ്ങൾ വഴിയിൽ കിടക്കുന്നതുകണ്ടു് അതിൽ അല്പംപോലും ആഗ്രഹം കൂടാതെ ഇപ്രകാരം വിചാരിച്ചു. "വാങ്കാ പിന്നാലെ വരുന്നുണ്ടു്.

ഇതുകണ്ടു് അവൾക്കു് ആഗ്രഹമുണ്ടായാൽ സാധനയ്ക്കു വലിയ തടസ്സം നേരിടും" ഇങ്ങനെ വിചാരിച്ചു് വഴിയിൽ നിന്നും കുറെ പൊടി വാരിയിട്ടു് നാണയങ്ങൾ മറച്ചുകളഞ്ഞു. വാങ്കാ അടുത്തു വന്നു് "നിങ്ങൾ വഴിയിൽനിന്നും പൊടിവാരി എന്താണു് ചെയ്തതെ"ന്നു ചോദിച്ചു. രാങ്കാ സ്വർണ്ണനാണ്യങ്ങളുടെ വൃത്താന്തവും അതുകണ്ടു തന്റെ മനസ്സിലുണ്ടായ വിചാരങ്ങളും വാങ്കായെ ധരിപ്പിച്ചു. അതിവൈരാഗ്യനിധിയായ വാങ്കാ ഇതുകേട്ടു ചിരിച്ചുകൊണ്ടു പറഞ്ഞു, "സ്വർണ്ണനാണ്യങ്ങളും വഴിയിലെ പൊടിയും തമ്മിൽ എന്തുഭേദമാണുള്ളതു്? എന്തു്, നിങ്ങൾ ഒരു ധൂളികൊണ്ടു മറെറാരുധൂളിയെ മറയ്ക്കുന്നോ? ഭാര്യയുടെ മുഖത്തുനിന്നും ഈവാക്കു കേട്ടിട്ടു് രാങ്കാ അത്യന്തം സന്തോഷിച്ചു് പറഞ്ഞു. നിന്റെ വൈരാഗ്യപ്രവൃത്തിയുടെ മുമ്പിൽ ഇപ്പോൾ എന്റെ വൈരാഗ്യം തോററു. ഈരഹസ്യം കാണിച്ചുകൊണ്ടു് ഭഗവാൻ നാമനോടു പറഞ്ഞു "നോക്കുക! രണ്ടാളുടെയും വൈരാഗ്യം എന്തു തീവ്രം. ഇവർ അവരുടെ സ്ഥിതിയിൽ സദാസന്തുഷ്ടരായിരിക്കുന്നു. ലോഭത്തിനു നേരെ പോകാൻ പോലും ആഗ്രഹിക്കുന്നില്ല" ഇതുകണ്ടു് നാമദേവൻ അത്യന്തം ആശ്ചര്യപ്പെട്ടു മനസ്സിൽ ഇപ്രകാരം വിചാരിച്ചു. വീണ്ടും പറഞ്ഞു "അവിടുത്തെ കൃപാദൃഷ്ടി ആരിൽ ഉണ്ടാകുന്നു, അവരെ ത്രിലോകത്തിന്റെ ഐശ്വര്യംപോലും മോഹിപ്പിക്കുകയില്ല. അവിടുത്തെ അല്ലാതെ മററു യാതൊന്നും അവരാഗ്രഹിക്കുകയില്ല. അമൃതാസ്വദിച്ചവർ സാധാരണ മധുര വസ്തുക്കളിൽ മോഹിക്കുമോ!" ഭക്തവത്സലനായ ഭഗവാൻ ആ ദമ്പതിമാരുടെ ശ്രമത്തെ ലഘൂകരിപ്പാനായിട്ടു് ഒരു നിമിഷത്തിനുള്ളിൽ വനത്തിലുള്ള വിറകുകളെല്ലാം കൂടി കെട്ടുകളായി കെട്ടി വഴിയിൽ വച്ചു. ആ ദമ്പതികൾ ഈ വിറകുകെട്ടുകൾ കണ്ടു് ഇവ ആരൊ കെട്ടിവച്ചിരിക്കയായിരിക്കും; അന്യരുടെ വസ്തുക്കൾ എടുത്തുകൂടാ; എന്നു കരുതി അവയൊന്നും തൊടുകപോലും ചെയ്തില്ല. അന്നു് വളരെയൊക്കെ അന്വേഷിച്ചിട്ടും ഒരു കഷണം വിറകുപോലും കിട്ടാതെ വെറും കൈയായി വീട്ടിലേക്കു തിരിച്ചു പോകേണ്ടതായിവന്നു. അവർ വിചാരിച്ചു, ഈ സ്വർണ്ണനാണ്യങ്ങൾ ദുർല്ലക്ഷണസാമഗ്രികൾ തന്നെയാണു്. അതു് കാണാൻ സംഗതിയായതുകൊണ്ടു് ഇന്നു പട്ടിണിയാകേണ്ടിവന്നു. അതു് എടുത്തിരുന്നെങ്കിൽ എന്താപത്തായിരുന്നു വരുമായിരുന്നതു് എന്നറിഞ്ഞില്ല". സർവ്വാന്തര്യാമിയായ ഭഗവാൻ ഭക്തന്മാരുടെ ഈ വാക്കുകൾകേട്ടു് എങ്ങിനെ സ്ഥിരനായിരിക്കും? അവിടുന്നു് തന്നത്താൻ വ്യാജവേഷത്തിൽ കാട്ടിലിരുന്ന വിറകുകളെല്ലാം ആരും കാണാതെ അവരുടെ ഭവനത്തിൽ എത്തിച്ചുകൊടുത്തു. രാങ്കായാകട്ടെ ഇതെല്ലാം ഭഗവാന്റെ ലീലയാണെന്നറിഞ്ഞു് വിറകുകൾ എടുത്തു.

ഭഗവാൻ ഭക്തന്മാരെക്കുറിച്ചു കരുണയുണ്ടായിട്ടു് ഭുവനമോഹനമായ രൂപം ധരിച്ചു് രാങ്കായ്ക്കു ദർശനം നൽകുകയും ആ ദിവ്യവിഗ്രഹത്തിൽ ചാർത്തിയിരുന്ന വസനം രാങ്കായ്ക്കു പ്രദാനം ചെയ്കയും ചെയ്തു. ആ അപൂർവ്വരൂപമാധുരികണ്ടു് രാങ്കാ മോഹിച്ചു് തന്നത്താൻ മറന്നുപോയി. ഭഗവാന്റെ ചോദ്യങ്ങൾക്കൊന്നിനും ശരിയായ മറുപടി പറയാൻപോലും ശക്തനായില്ല. അദ്ദേഹം നൽകിയ പ്രസാദത്തെ ഈശ്വരനേപ്പോലെ വിചാരിച്ചു് സ്വീകരിച്ചു. രാങ്കാപ്രേമഗൽഗദനായി ഒരു ദിവസം നാമദേവനേ നമസ്കരിച്ചുകൊണ്ടു പറഞ്ഞു. "ഭഗവൻ! ഞാൻ പാപഗ്രസ്തനാണോ എന്നു് അറിയുന്നില്ല. അല്പനായ ഞാൻ—നീചനായ ഞാൻ—നിന്ദ്യനായ ഞാൻ—എന്നേപ്പോലുള്ള നിർഭാഗ്യവാനുവേണ്ടി കുസുമകോമളമായ ആ അംഗത്തിൽ മുൾക്കെട്ടുകൾ വഹിക്കാനിടയായല്ലോ". നാമദേവൻ രാങ്കായുടെ ഗൽഗദഭാവം കണ്ടു് രോമാഞ്ചിതനായി: പിന്നീടു് രണ്ടാളും ഒരിടത്തിരുന്നു് സാധനഭജനകൾ ചെയ്വാൻ തുടങ്ങി. വാങ്കായും അതിഭാഗ്യവതിയായി. ഭക്തന്മാൎക്കു കല്പതരുവായ ഭഗവാൻ അവരുടെ മനോരഥം പൂർണ്ണമാക്കിയിട്ടു് ആനന്ദനികേതനത്തിനു് എന്നാളും അധികാരികളാക്കി. ഭക്ത! നീതന്നെ ധന്യൻ. ഭഗവാൻ അരൂപനാണെങ്കിലും നിനക്കുവേണ്ടി രൂപധാരണം ചെയ്യുന്നു. നിഷ്ക്രിയനെങ്കിലും പ്രവൎത്തിചെയ്യുന്നു.

---

## ശ്രീമത് ശിവാനന്ദസ്വാമികളുടെ ഒരു എഴുത്തു്.

പുരാതനകുസംസ്കാരങ്ങൾ ഇടയ്ക്കിടയ്ക്കു് മനസ്സിലുദിച്ചു് കഷ്ടപ്പെടുത്തുന്നു എന്നു് നിങ്ങൾ എഴുതിയിരിക്കുന്നു. ദൃഢവും ബദ്ധമൂലവുമായ സംസ്കാരം മനസ്സിലുദിക്കുക സ്വാഭാവികമാണു്. എന്നാൽ, ഭഗവൽകൃപയാൽ അവയ്ക്കു നിങ്ങളെ ഒരിക്കലും അധഃപതിപ്പിക്കുവാൻ സാധിക്കുകയില്ലെന്നു നിശ്ചയമായും അറിയുക! അദ്ദേഹത്തിന്റെ ശ്രീചരണങ്ങളിൽ ഹൃദയപൂർവ്വം പ്രാർത്ഥിച്ചാൽ സംസ്കാരങ്ങൾ ക്ഷീണമാകും. സംസ്കാരങ്ങൾ ഉദിച്ചാൽ ഭയപ്പെടേണ്ട. നിങ്ങളുടെ സംയമശക്തിയും ഭഗവൽകൃപയാൽ വൎദ്ധിക്കുമെന്നു് അറിയുക. വലിയ ജ്ഞാനികളുടെയും ഭക്തന്മാരുടെയും മനസ്സിൽ പോലും ഇതുപോലുള്ള പൂർവ്വസംസ്കാരങ്ങൾ ഉദിക്കുന്നു. അവ ഒരിക്കലും അവരെ താഴ്ത്തുന്നില്ല. സംയമശക്തി വ

ദ്ധിച്ച് അവരെ രക്ഷിക്കുന്നു. ദുർബ്ബലത നീങ്ങി മഹാശക്തി ആവിർഭവിച്ച് പൂർവ്വാധികം അവരെ മുന്നോട്ടു നയിക്കുന്നു. ഇപ്ര കാരമുള്ള മാനസികസംഗ്രാമം എല്ലാ ഭക്തന്മാർക്കുമുണ്ട്. ആക യാൽ ഭയപ്പെടേണ്ട. ഭഗവൽകൃപയാൽ സംഗ്രാമത്തിൽ വിജയി യാകും. ഒരിക്കലും അധഃപതിക്കുകയില്ല. ഇപ്രകാരമുള്ള സംഗ്രാ മം ഉന്നതിയ്ക്ക് ആവശ്യമെന്നറിയുക. ഏതൊരു മനസ്സിൽ ഇ പ്രകാരമുള്ള സംഗ്രാമമില്ല, അത് ശിലാസദൃശമാകുന്നു—അതു ജ ഡാവസ്ഥ പ്രാപിച്ചിരിക്കുന്നു. സംഗ്രാമം നടക്കട്ടെ. നിങ്ങൾ ക്കു ഭയം വേണ്ട. അത്യധികം പ്രവർത്തിക്കുക. ഈശ്വരസ്മരണ യും മനനവും എല്ലായ്പോഴും നടക്കട്ടെ. കുസംസ്കാരങ്ങൾക്ക് ഉ ദിക്കാൻ അവസരമില്ലാതെയാകും. ഭഗവൽകൃപയാൽ നിങ്ങൾ ക്കു ഭയമില്ല.

ശുഭാകാംക്ഷി
ശിവാനന്ദൻ.

## അംബാഗീത.

"മത്താടാ പാരതനോ" എന്ന മട്ട്.

പല്ലവി.

അംബാ! മഹേശ്വരിയേ!

അനുപല്ലവി.

ശാശ്വതീഭദ്രേ! അംബാ! മഹേശ്വരിയേ!

ചരണങ്ങൾ.

൧. പ്രേമരൂപിണീനിത്യേ ശ്രീവിദ്യാസ്വരൂപിണീ–
ക്ഷേമദേ മദാലസേ ലോകൈകകുടുംബിനീ! (അംബാ)

൨. പ്രാണിലോകത്തിലേകപ്രാണനായ് വിളങ്ങും നിൻ–
പാണിപല്ലവം തന്നിൽ വാണിടുന്നിതേ സർവ്വം (അംബാ)

൩. കാരുണ്യാലയേ നിന്നേക്കാണുന്നിതെവിടെയും
മായാരൂപമായ ജ്ഞാൻ, നീയായ് പ്രാജ്ഞാനന്തായേ!
(അംബാ)

൪. ഇക്കാണാം ശുഭ്രശിൽപം ഉൾക്കാമ്പിൽ സദാകാലം
നീക്കുളേകളിയാടും മട്ടെന്നിൽ പ്രസാദിയ്ക്കൂ! (അംബാ)

# പുസ്തകാഭിപ്രായം.

ധൎമ്മിഷ്ഠൻ. (ഗ്രന്ഥകൎത്താ, റവ: ഇ. ജെ. ജോസഫ്. പ്രസാധകൻ, വി. റ്റി. ഡേവിഡ് സി, എം. എസ്സ്. തിരുവല്ലാ.) ധൎമ്മത്തിലേക്കു മനുഷ്യബുദ്ധിയെ പ്രേരിപ്പിക്കുന്ന പല നല്ല ചിന്താഗതികളും ഇതിൽ കാണുന്നതു് ജനസമുദായത്തിനു് അഭ്യുദയഹേതുവാകുന്നു. ഈ അംശത്തിൽ ഗ്രന്ഥത്തിനു നവീനത്വമുണ്ടു്. ധൎമ്മിഷ്ഠൻ ഇത്യാദി ശബ്ദങ്ങൾ ശുദ്ധമായിട്ടെഴുതുന്നതിനു് കുറച്ചുകൂടി ദൃഷ്ടിവെച്ചിരുന്നുവെങ്കിൽ നന്നായിരുന്നു. ആകപ്പാടെ ബാലന്മാൎക്കും കഥാകൌതുകമുള്ളവൎക്കും ഇതിൽ നിന്നും ധൎമ്മപ്രേരണയുണ്ടാകട്ടെ എന്നു ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

വന്ദേമാതരം. (ഗ്രന്ഥകൎത്താ, ടി. സുബ്രഹ്മണ്യൻ തിരുമുമ്പ്.) സുബ്രഹ്മണ്യഭാരതിയുടെ ദേശീയഗാനങ്ങൾ എന്ന ഗ്രന്ഥത്തിന്റെ ഇംഗ്ലീഷുവിവൎത്തനത്തിൽ നിന്നുമുള്ള തൎജ്ജിമയാണു് ഇതു്. ഇപ്രകാരമുള്ള ഗാനങ്ങളുടെ കവിതാഗുണം എങ്ങനെയിരുന്നാലും ദേശീയപ്രസ്ഥാനത്തിൽ അവയ്ക്കു് ഒരു പ്രധാനസ്ഥാനമുണ്ടു്. 'രാജ്യാഭിമാനോത്തേജകങ്ങളാ'യ ഈ ഗാനങ്ങൾ ഗ്രന്ഥകൎത്താവു് ആഗ്രഹിക്കുന്നതുപോലെ 'പാടത്തിൽ പുരണ്ടെഴും ചേറണിമെയ്യുമായി കേടകന്നദ്ധ്വാനിക്കും കൃഷിക്കാർ സ്തുത്യരത്രെ' 'പാവനോദ്ദേശത്തോടെ നാൾകഴിച്ചീടാൻ ചെയ്യും കേവലമേതു കെട്ടവൃത്തിയും യോഗ്യമത്രെ' 'കേവലമീശ്വരന്റെ അടിയാരത്രെ നമ്മൾ' ഇത്യാദി ഉയൎന്ന തത്വങ്ങൾ ജനങ്ങളുടെ നിത്യജീവിതത്തിൽ ആവിഷ്കരിക്കുന്നതിനു സഹായിക്കുമെങ്കിൽ ഗ്രന്ഥകൎത്താവിന്റെ ശ്രമം സ്തുത്യൎഹം തന്നെ. (മേൽവിലാസം, "ദേശബന്ധു" കാൎയ്യാലയം, പയ്യന്നൂരു്, വടക്കെ മലയാളം.)

ആശ്വാസപ്രഭാഷണങ്ങൾ (പരിഭാഷകൻ, കെ. കെ. നീലകണ്ഠപ്പണിക്കർ, വെണ്ണിക്കുളം.) ശ്രീ ശ്രീരാമകൃഷ്ണദേവന്റെ ശിഷ്യഗണത്തിൽ ഒരു മുഖ്യസ്ഥാനത്തെ അൎഹിക്കുന്ന ശ്രീമത് രാമകൃഷ്ണാനന്ദസ്വാമികളുടെ എഴുത്തുകളിൽ നിന്നും സംഗ്രഹിച്ചിട്ടുള്ള 'Consolations' എന്ന ഇംഗ്ലീഷുപുസ്തകത്തിന്റെ തൎജ്ജിമയാണു് ഈ ചെറിയ ഗ്രന്ഥം. സാധനാമാൎഗ്ഗത്തിൽ മുമ്പോട്ടുപോകുന്ന ഒരു ഭക്തനു സ്വാമികളുടെ ആശ്വാസവാണി എത്രമാത്രം സഹായിക്കുമെന്നു പറയേണ്ടതില്ലല്ലൊ. അതിനാൽ ഈ ഗ്രന്ഥത്തിന്റെ സ്പഷ്ടവും ലളിതവുമായ ഒരു പരിഭാഷ മലയാളികൾക്കു പരമാദരണീയമായ ഒരു സമ്പത്താണു്. പരിഭാഷകന്റെ ശ്രമത്തെ അഭിനന്ദിക്കുന്നു.

*National Anthems* (compiled aud published by R. K. Prabhu at the Indian National Herald Office, Advocate Building,

21 Dalal Street, Fort, Bombay). We have great pleasure in receiving the 'National Anthems' compiled by R. K. Prabhu It seems the book is unique for we know no other such work. It affords an interesting study of the patriotic sentiments expressed in the National Anthems of the various countries. We welcome the laudable attempt of the compiler and hope that it "Will inspire our hearts and stir our emotions for doing doughty deeds".

ശക്തി (സമ്പാദകൻ, കെ. ടി. കുഞ്ഞിരാമൻ നമ്പ്യാർ, ശക്തികാര്യാലയം. Kanhangad. (S. Kanara) 'കേരളത്തിലെ യുവജനങ്ങളെ സംഘടിപ്പിക്കുവാനും അവരെ സമുദായത്തിൻെറ അഭിവൃദ്ധിയെത്തടയുന്ന മതശാസനകളുടേയും മാമൂലുകളുടേയും പിടിയിൽ നിന്നു മുക്തരായി നിലയിൽ ജീവിക്കുവാനും തക്കവണ്ണം ഉപദേശിക്കുവാൻ പര്യാപ്തമാകട്ടെ, എന്നുള്ള ജവഹരിലാൽ നെഹറുവിൻെറ സന്ദേശവും പുരസ്കരിച്ചുകൊണ്ടു പുറപ്പെട്ടിരിക്കുന്ന ശക്തി എന്ന മാസികയുടെ പുസ്തകം ൬, ലക്കം ൩-ം, ൪-ം, കൈപ്പററിയിരിക്കുന്നു. ഈ നവീനസഹജീവിക്കു ഞങ്ങൾ സർവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

സഹകാരി. ചേർത്തല എസ്സ്. എൻ. വി. പ്രസ്സിൽ അച്ചടിപ്പിച്ചു ശ്രീമാൻ കെ. ജി. ഗോപാലകൃഷ്ണൻ അവർകൾ പ്രസിദ്ധപ്പെടുത്തുന്ന സഹകാരി എന്ന മാസികയുടെ ആദ്യലക്കങ്ങൾ രണ്ടും കൈപ്പററി നന്ദിപറഞ്ഞുകൊള്ളുന്നു. പരസ്പരസഹായസംഘങ്ങളുടെ ഇടയ്ക്കു് കൂടുതലായി പ്രചരണവേല നടക്കുന്നതും അനുദ്യോഗസ്ഥപ്രസ്ഥാനത്തിൽ ഒരനുദ്യോഗസ്ഥമാസിക നടത്തുന്നതും വളരെ കാലോചിതമായിത്തന്നെ ഇരിക്കുന്നു. ഐക്യസംഘങ്ങളും അംഗസംഘങ്ങളും ഈ മാസികയെ സഹായിക്കുന്നതു തങ്ങളെത്തന്നെ സഹായിക്കുകയാകുന്നു. ഇതിൻെറ വരിസംഖ്യ ചേർത്തലക്കാർക്കും ബ്രിട്ടീഷ് ഇൻഡ്യാക്കാർക്കും രണ്ടര രൂപയും ചേർത്തലയൊഴിച്ചു തിരുവിതാംകൂറുകാർക്കും കൊച്ചിക്കാർക്കും രണ്ടു രൂപയുമാണു്. ഈ സഹകാരി സർവ്വജനങ്ങളുടേയും സഹകാരത്തെ അർഹിക്കുന്നു. (മേൽവിലാസം, സഹകാരിപ്രവർത്തകന്മാർ, തുറവൂർ. പോസ്റ്റേങ്കിൽ കുത്തിയതോടു്.)

പൂജപ്പുര .ആര്യസമാജ ഗ്രന്ഥകാര്യാലയത്തിൽ നിന്നും അധഃകൃതവർഗ്ഗക്കാരുടെ ഉന്നമനത്തെ ഉദ്ദേശിച്ചു പുറപ്പെടുവിക്കുന്ന 'ആര്യൻ' എന്ന മാസികയുടെ പുസ്തകം ഒന്നു് ലക്കം എട്ടും, ശ്രീകൃഷ്ണവിലാസം പ്രസ്സിൽ അച്ചടിപ്പിച്ചു എർ. എസ്സ്. നമ്പീശൻ അവർകളുടെ പത്രാധിപത്യത്തിൽ പ്രസിദ്ധം ചെയ്തുവരുന്ന (സാഹിത്യകേരളം) എന്ന മാസികയുടെ രണ്ടാം ലക്കവും കൈപ്പററി നന്ദിപറഞ്ഞുകൊള്ളുന്നു

# സംഘവാർത്ത.

അൽമോറായിൽ ദർച്ചൂളായിലെ തപോവനിലുള്ള ശ്രീരാമകൃഷ്ണമിഷൻ വക ധർമ്മാശുപത്രിയുടെ ൧൯൨൪ മുതൽ ൧൯൨൫ വരെയുള്ള ആദ്യവാർഷികറിപ്പോർട്ടു കൈപ്പററി നന്ദി പറഞ്ഞുകൊള്ളുന്നു. ഈ ആശ്രമം കൈലാസത്തേക്കുള്ള മാർഗ്ഗത്തിലാണു സ്ഥിതിചെയ്യുന്നതു്. ഇതിനെ തൊട്ടുകിടക്കുന്ന നേപ്പാളം മദ്ധ്യസംസ്ഥാനം, ബോട്ടു്, ടിബററു് ഈ പ്രദേശങ്ങളിലെ ജനങ്ങൾക്കു് ഇതു ഏക അഭയസ്ഥാനമായിത്തീന്നിരിക്കുന്നു. രോഗഗ്രസ്തന്മാരായ ജനങ്ങളെ ശുശ്രൂഷിക്കുന്നതിനും ബാലകന്മാക്കു വിദ്യാദാനം ചെയ്യുന്നതിനും കൈലാസത്തേക്കുള്ള തീത്ഥയാത്രക്കാക്കു കഴിവുള്ള സഹായം ചെയ്യുന്നതിനുമാണു് ഇതു മൂലം തൽപ്രവത്തകന്മാർ ആഗ്രഹിക്കുന്നതു്. പ്രസ്തുത നാലു വർഷങ്ങളിലായി പുറമെ നിന്നു വന്ന ൪൭൦൦-ൽ പരം ദീനക്കാക്കു മരുന്നു കൊടുത്തിട്ടുണ്ടു്. ഇതു കൂടാതെ ൫ ബാലന്മാരെ പഠിപ്പിക്കുന്നുമുണ്ടു്. ഒരു ഭൂതിബാലൻ അൽമോറായിലെ ഗവമ്മെൻറു സ്ക്കൂളിലെ എട്ടാം ക്ലാസ്സിൽ പഠിച്ചുപോരുന്നു എന്നുള്ളതു ഒരു വിശേഷ സംഭവമാണു്. കഴിഞ്ഞ വർഷത്തിൽ പഞ്ചാബുകാരായ ൧൭ തീത്ഥയാത്രക്കാക്കു കാളറ പിടിപെട്ടപ്പോൾ ഊർജ്ജസ്വലരായ സേവാശ്രമക്കാർ അവരെ ആശ്രമത്തിൽ കൊണ്ടുവന്നു ചികിത്സിച്ചു അവരിൽ പതിനഞ്ചു പേരെ രക്ഷിച്ചതായി കാണുന്നു. പ്രസ്തുതആശ്രമത്തിൻെറ ആവശ്യത്തിലേക്കു രോഗികളെ കിടത്തി ചികിത്സിക്കുന്നതിനു് ഒരു കെട്ടിടവും തീത്ഥയാത്രക്കാരുടെ വിശ്രമത്തിനൊരു മന്ദിരവും ഉണ്ടാകേണ്ടിയിരിക്കുന്നു. ആയതിലേക്കു പതിനായിരം രൂപയോളം ചെലവുണ്ടു്. ഉദാരമതികളായ ബഹുജനങ്ങളുടെ സഹായം അപേക്ഷിച്ചുകൊള്ളുന്നു. എത്ര ചെറിയ സംഭാവനയും നന്ദിപൂവ്വം സ്വീകരിക്കുന്നതാണു്.

അയയ്ക്കേണ്ടും മേൽവിലാസം.

Swami Anubhavananda: RamaKrishna Tapovan

Dharchula, U. P.

ദേവഘർ (Deohur) ശ്രീരാമകൃഷ്ണ വിദ്യാപീഠത്തിൻെറ എട്ടാമത്തെ വാർഷികറിപ്പോർട്ടു കിട്ടിയിരിക്കുന്നു. വയലുകളും, കുന്നുകളും ഇവകളെക്കൊണ്ടു മനോഹരമായ ഒരു സ്ഥലത്താണു പ്രസ്തുത വിദ്യാപീഠം സ്ഥിതിചെയ്യുന്നതു്. വിദ്യാപീഠത്തിൻെറ പ്രവത്തകന്മാരും അദ്ധ്യാപകന്മാരും മിക്കവാറും ശ്രീരാമകൃഷ്ണമി

ഷണിലെ സന്യാസിമാർതന്നെ. ഇവിടെ എഴുപതു വിദ്യാൎത്ഥികളോളമുണ്ടു്. ഇവർസ്ഥാപനത്തോടുതൊട്ടുള്ള ഛാത്രാലയത്തിൽതാമസിച്ചുവരുന്നു. കേവലം എഴുത്തും വായനയും മാത്രമല്ലാതെയുള്ള, കായികാഭ്യാസം, കരകൗശലം, ഗൃഹകൃത്യം, സംഗീതം, ശാസ്ത്രവിജ്ഞാനം മുതലായ വിഷയങ്ങളെപ്പററിയുള്ള അറിവു വിദ്യാൎത്ഥികൾക്കു പ്രദാനം ചെയ്യാൻവേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. ശൈശവാവസ്ഥയിലിരിക്കുന്ന ഈ വിദ്യാപീഠത്തിനു ഉദാരന്മാരായ മഹത്തുക്കളുടെ സഹായസഹകരണങ്ങൾ അപേക്ഷിതമായിട്ടാണിരിക്കുന്നതു്.

"മദ്രാസിലെ ശ്രീരാമകൃഷ്ണമിഷൺ വക വിദ്യാലയത്തിൻെറ ൧൯൨൯-ലെ റിപ്പോർട്ടു കൈപ്പററിനന്ദിപറഞ്ഞുകൊള്ളുന്നു. ഇരുപത്തിഅഞ്ചുകൊല്ലങ്ങളായി വിദ്യാൎത്ഥികളുടെ സ്വാശ്രയബുദ്ധി, ചാരിത്രശുദ്ധി, തുടങ്ങിയ ഉത്തമഗുണങ്ങളെ ലക്ഷ്യമാക്കിയും മററു വിദ്യാലയങ്ങൾക്കു ഒരു മാതൃകയായിത്തീരത്തക്കവണ്ണവും ഏററവും പ്രശസ്തമായ രീതിയിൽ നടത്തിപ്പോരുന്ന സ്ഥാപനമാണിതു്. വ്യവസായമഹത്വം, ആത്മസ്ഥൈൎയ്യം, സേവാനിരതത്വം, മുതലായ ഗുണങ്ങൾ വിദ്യാർത്ഥികളിൽവളൎത്തുന്നതിനായി വിദ്യാലയത്തിൻെറ കൃത്യനിൎവ്വഹണം മിക്കവാറും വിദ്യാൎത്ഥികളിൽ സമർപ്പിച്ചിരിക്കയാണു്. ഉയൎന്ന ക്ലാസുകളിൽ ഉച്ചതിരിഞ്ഞുള്ളസമയം മുഴുവനും വ്യവസായത്തിനും കരകൗശലത്തിനുമായി വിനിയോഗിക്കപ്പെടുന്നുവെന്നും ഈ വിഷയത്തിൽ കൂടുതൽ സൌകൎയ്യങ്ങളേർപ്പെടുത്തുന്നതിനായി ഒരു ഗണ്യമായതുകകൂടിപ്പിരിച്ചുവരുന്നുണ്ടെന്നും അറിയുന്നതിൽ ഏററവും സന്തോഷിക്കുന്നു.

---

# നാനാവാൎത്ത.

## ബാംഗ്ളൂർ.

സ്ഥലം ശ്രീരാമകൃഷ്ണാശ്രമത്തിൽ വച്ചു് ൧൯൩൦ മാർച്ചുമാസം ൯-ാംതീയതി ഞായറാഴ്ച ഭഗവാൻ ശ്രീരാമകൃഷ്ണപരമഹംസൻെറ ൯൫-ാമത്തെ ജന്മതിഥി അത്യാഡംബരസഹിതം ആഘോഷിക്കപ്പെട്ടു. കാലത്തു് ഏകദേശം ൧൧ മണിയോടുകൂടി വിശേഷാൽ പൂജയോടും ഭജനസംഘങ്ങളുടെ ഭക്തിരസം തുളുമ്പുന്ന കീൎത്തനങ്ങളോടും വാദ്യഘോഷങ്ങളോടും പട്ടണത്തിൻെറ നാനാഭാഗങ്ങളിൽ നിന്നുമുള്ള ആഗമനത്തോടും കൂടി സമ്മേളനം ആ

രംഭിക്കപ്പെട്ടു. ഒരു മണിമുതൽ മൂന്നു മണിവരെയുള്ള സമയത്തു് ഏകദേശം ആയിരത്തോളം സാധുനാരായണന്മാൎക്കു് മൃഷ്ടാന്നഭോജനം നല്കപ്പെട്ടു. മൂന്നുമണിമുതൽ ആറുമണിവരെയുള്ള സമയത്തു് കമനീയമായി കെട്ടിയൊരുക്കിയിരുന്ന അതി വിശാലമായ പന്തലിൽ വന്നുകൂടിയിരുന്ന മൂവായിരത്തോളം ആളുകൾ ഭഗവാൻ ശ്രീരാമകൃഷ്ണന്റെ ജീവിതത്തെക്കുറിച്ചു് ഗഹനങ്ങളായ വേദാന്തതത്വങ്ങളേയും ഇടകലൎത്തി വിവരിച്ചു നടത്തപ്പെട്ട ഹരികഥാകാലക്ഷേപത്തെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ആറരമണിമുതൽ എട്ടരമണിവരെ അടുത്തതായി നടത്തപ്പെട്ട മീററിംഗിൽ ഗവണ്മേന്റു് പരിഭാഷകൻ സി. കെ. വെങ്കിട്ടരാമയ്യാ എം. ഏ. എൽ. എൽ. ബി ശ്രീരാമകൃഷ്ണദേവന്റെ ജീവിതവും ഉപദേശങ്ങളും എന്ന വിഷയത്തെക്കുറിച്ചു വിവരിച്ചുള്ള ഹൃദയാകർഷകമായ ഒരു പ്രസംഗം ചെയ്തു. അതിനുശേഷം, ഈ ഉത്സവത്തിനുവേണ്ട സകല സാമഗ്രികളും അയച്ചുതന്നും മററും സഹായസഹകരണം ചെയ്തഗവണ്മെന്റിനോടും, മിലിററിഡിപ്പാർട്ടുമെന്റിനോടും, മുൻസിപ്പാലിററി. ലൈററിംഗു് ഡിപ്പാർട്ടുമെന്റു, കണ്ട്രാക്ടർമാർ, വാളണ്ടിയർമാരായി വന്നു ജോലിചെയ്ത നാഷനൽ ഹൈസ്കൂൾ അദ്ധ്യാപകന്മാർ, വിദ്യാൎത്ഥികൾ, ശ്രീരാമകൃഷ്ണവിദ്യാൎത്ഥിമന്ദിരത്തിലെ അംഗങ്ങൾ ഇവരോടും ധനസഹായം ചെയ്തവരോടും ഹാജരായും അല്ലാതെയും സഹായ സഹകരണങ്ങൾ ചെയ്തിട്ടുള്ള മററു സകലരോടും ആശ്രമത്തിനുള്ള കൃതജ്ഞതയെ പ്രകടിപ്പിച്ചശേഷം മംഗളാരതിയും പ്രസാദവിതരണവും കഴിഞ്ഞു് സമ്മേളനം മംഗളമായി പൎയ്യവസാനിച്ചു. ശ്രീമത് സ്വാമി നിൎമ്മലാനന്ദജിയെ ദർശിക്കുവാൻ ഭാഗ്യമുണ്ടായതുകൊണ്ടു് ഹാജരായിരുന്നവരെല്ലാം അത്യന്തം സന്തുഷ്ടരായിട്ടാണു് മടങ്ങിപ്പോയതു്.

## ഹരിപ്പാട്.

മീനം ൯-ാം തീയതി സ്ഥലത്തെ ശ്രീരാമകൃഷ്ണാശ്രമത്തിൽവച്ചു് ശ്രീരാമകൃഷ്ണദേവന്റെ ൯൭-ാമത്തെ ജന്മതിഥി ആഘോഷപൂൎവ്വം കൊണ്ടാടിയിരിക്കുന്നു. രാവിലെ പ്രത്യേകം പൂജ, ഭജന എന്നിവകൾ നടത്തിയശേഷം ആയിരത്തോളം സാധുനാരായണന്മാൎക്കു തൃപ്തികരമാംവണ്ണം അന്നദാനം ചെയ്തു. ഉച്ചതിരിഞ്ഞു് ശ്രീമാൻ മലബാർ ഗോപാലപിള്ളയുടെ ശ്രോത്രാനന്ദകരമായ സംഗീതം ഉണ്ടായിരുന്നു. അനന്തരം കൂടിയ പൊതുയോഗത്തിൽ ശ്രീ

മാന്മാരായ കൈനിക്കരകുമാരപിള്ള ബി. എ.എൽ. റ്റി., വക്കീൽ എസ്സ്. ചെല്ലപ്പാപിള്ള; പന്തളം, പരമേശ്വരൻനമ്പ്യാതിരി; എ. കെ. ചാന്നാർ എന്നിവർ സാരഗർഭമായ പ്രസംഗങ്ങൾ നടത്തി. യോഗാനന്തരം ആനപ്പുറത്ത് എഴുന്നെള്ളത്തും ഭജനയോടു കൂടിയുള്ള ഘോഷയാത്രയും ആരംഭിച്ചു. രാത്രി പത്തു മണിയോടു കൂടി എഴുന്നെള്ളത്ത് ആശ്രമത്തിലെത്തി. ആരതിക്കുശേഷം വെടിക്കെട്ടു കഴിഞ്ഞു എല്ലാവരും സന്തുഷ്ടരായി പിരിഞ്ഞു.

---

കൊയിലാണ്ടിയിൽ പുതുതായി പണികഴിച്ചിട്ടുള്ള ശ്രീരാമകൃഷ്ണാശ്രമത്തിൻെറ ഉൽഘാടനകൎമ്മവും ശ്രീരാമകൃഷ്ണദേവൻെറയും ശ്രീവിവേകാനന്ദ സ്വാമികളുടെയും ജന്മതിഥി ആഘോഷവും ശ്രീമത് നിൎമ്മലാനന്ദസ്വാമികളുടെ സാന്നിദ്ധ്യത്തിൽ മേടമാസം ൨൨-ാം തീയതി നടത്തപ്പെടുന്നതാണെന്നറിയിച്ചിരിക്കുന്നു.

---

അടുത്തമാസത്തിൽ ശ്രീമത് നിൎമ്മലാനന്ദസ്വാമികൾ തിരുവിതാംകൂറിലെത്തുന്നതാണെന്നറിയുന്നു.

---


# Prabuddha Bharata.

A High class monthly on practical Vedanta, setting forth the lofty teachings of SRI RAMAKRISHNA and SWAMI Vivekananda from a nonsectarian standpoint.

Conducted by the Advaita Asrama, Mayavati, Himalayas, and printed in an improved get-up, from Calcutta.

35th year commenced from January, 1930.

Annual Subscription : Rs. 4.Inland, Foreign 11 S.

Please apply to --

The Manager, "PRABUDDHA BHARATA"
182. A. MuktaRam Babu Street,Calcutta.

# മനോഹരമായ ഛായാപടങ്ങൾ.

| ചായമിട്ടതു് | | വലിപ്പം | വില. ക. | ണ. | പ. |
|---|---|---|---|---|---|
| ശ്രീമത് വിവേകാനന്ദസ്വാമികൾ (ഹിന്തുസന്യാസി) | | 30 × 20 | 1 | 4 | 0 |
| ,, | ചിക്കാഗൊ മഹാസഭയിൽ (കഴുത്തിനു മേൽഭാഗം മാത്രം തലക്കെട്ടോടുകൂടി) | | 0 | 5 | 0 |
| ,, | (ഹിന്തുസന്യാസി) | | 0 | 5 | 0 |
| **ചായമിടാത്തതു്** | | | | | |
| ശ്രീ ശ്രീരാമകൃഷ്ണ ദേവൻ ഇരിക്കുന്നതു് | | 2015 | 0 | 6 | 0 |
| ,, | സമാധിയിൽ (നില്ക്കുന്നതു്) | 1510 | 0 | 4 | 0 |
| ശ്രീമത് വിവേകാനന്ദസാമികൾ (ധ്യാനം) | | 2015 | 0 | 6 | 0 |
| ,, | (പരിവ്രാജകൻ) | 1510 | 0 | 4 | 0 |
| ശ്രീ ശ്രീരാമകൃഷ്ണദേവനും ഹവ്വ ശിഷ്യന്മാരും | | 20 × 15 | 0 | 6 | 0 |
| ശ്രീമത് വിവേകാനന്ദസ്വാമികൾ (ക്യാബിനെററ് വലിപ്പം പലതരത്തിൽ) ഓരോന്നിനും | | | 0 | 1 | 2 |
| ശ്രീ ശ്രീശാരദാദേവി ചെറുതു് | | | 0 | 2 | 0 |
| ,, | ക്യാബിനെററ് | | 0 | 1 | 2 |
| ശ്രീമത് ബ്രഹ്മാനന്ദസ്വാമികൾ | ,, | | 0 | 1 | 2 |
| ശ്രീമത് ശാരദാനന്ദസ്വാമികൾ | ,, | | 0 | 1 | 2 |

മാനേജർ, പ്രബുദ്ധകേരളം, തിരുവല്ലാ.

# ഭക്തിമാർഗ്ഗഗ്രന്ഥങ്ങൾ.

| | | ക. | ണ. | പ. |
|---|---|---|---|---|
| ശ്രീരാമകൃഷ്ണപരമഹംസൻ (ജീവചരിത്രവും വചനങ്ങളും) | | 1 | 2 | 0 |
| ശ്രീകൃഷ്ണകർണ്ണാമൃതം | വ്യാഖ്യാനം. | 0 | 12 | 0 |
| ഭജനസ്തോത്രമഞ്ജരി | ,, | 0 | 8 | 0 |
| സൌന്ദര്യലഹരി | ,, | 0 | 8 | 0 |
| ശിവാനന്ദലഹരി | ,, | 0 | 8 | 0 |
| നീതിശാസ്ത്രരത്നങ്ങൾ | ,, | 0 | 8 | 0 |
| ശ്രീരാമകർണ്ണാമൃതം | | 0 | 7 | 0 |
| ശ്രീകൃഷ്ണലീലകൾ | | 1 | 0 | 0 |
| ശ്രീകൃഷ്ണദൂതു് | | 0 | 10 | 0 |
| ശ്രീശങ്കരാചാര്യസ്വാമികൾ | | 1 | 4 | 0 |

മാനേജർ

സരസ്വതിവിലാസം പുസ്തകശാല,

തൃശ്ശിവപേരൂർ.